


പുലാപ്പറ്റ,എം.എൻ.കെ.എം.ഗവഃ ഹയർസെക്കന്ററി സ്കൂൾ

# സന്ദേശം



2018-19 വർഷത്തിൽ വളരെ വിജയകരമായ രീതിയിൽ ലക്ഷ്യത്തിലെത്തിയ്ക്കാൻ 'ഉന്നം' എന്ന ഡിജിറ്റൽ മാഗസിന് സാധിച്ചു. ഈ വർഷത്തെ 'സിനർജി' വളരെ വ്യത്യസ്തമായരീതിയിൽ നമ്മുടെ കൂട്ടായ പ്രവർത്തനങ്ങളിലൂടെ ഫല പ്രാപ്തിയിൽ എത്തുന്നതിന് എല്ലാ ഭാവുകങ്ങളും നേരുന്നു.

*ടി .എം.സലീനബീവി*

*ഹെഡ് മിസ്ട്രസ്*

# എഡിറ്ററുടെ തൂലികയിലൂടെ



ഞങ്ങളുടെ കൊച്ചു കൊച്ചു ആഗ്രഹങ്ങളും, പ്രതീക്ഷകളും കഴിവുകളും പുറത്തെടുക്കാൻ സഹായിച്ച .എം.ൻ.കെ.എം.ജി.എച്ച്.എസ്.എസ് ന്റെ അറിവിന്റ ആധാരം 'സിനർജി' എന്ന ഡിജിറ്റൽ മാഗസിനിലൂടെ ഞങ്ങളുടെ അറിവിന്റെ മഹാജാലകം ഏതൊരു മലയാളിയുടെയും മനസ്സിൽ മറയാതെ കിടക്കുന്ന ഈ കേരളപ്പിറവി ദിനത്തിൽ നിങ്ങൾക്കായി തുറക്കുന്നു. മൊബൈൽ എന്ന മാന്ത്രിക വലയത്തിൽ അകപ്പെട്ട ആധുനിക തലമുറയെ മണ്ണിന്റെയും, പ്രകൃതിയുടെയും വില മനസ്സിലാക്കിക്കുവാനും, അതിനനുസരിച്ച് ജീവിക്കുവാനും നമ്മളെ പഠിപ്പിക്കുന്ന ഞങ്ങളുടെ സ്കൂളിലെ വിദ്യാർ തഥികളുടെ മാഗസിനാണ് 'സിനർജി'. സാങ്കേതിക വിദ്യയെ ദുരുപയോഗപ്പെടുത്താൻ ശ്രമിക്കുന്ന തലമുറയെ ശക്തമായി എതിരേൽക്കാനുള്ള കരുത്ത് പ്രദാനം ചെയ്യുന്ന 'ലിറ്റിൽ കൈറ്റ്സ് 'യൂണിറ്റിലെ എല്ലാ പ്രവർത്തകർക്കും നന്ദി.

*പ്രണവ്*

*ചീഫ് സ്റ്റുടന്റ്എഡിറ്റർ*

# *Our Editorial board.....*

**CHIEF EDITOR** : RAVICHANDRAN A.

**STAFF EDITORS** : SUSMITA NAIR P.
DINESHAN P.

**STUDENT EDITORS**: PRANAV.T.S
RIYA JOHN
HARISHANAN.R
MANJITHA.C
SANIYA JAISON
ADHITHYAN P. R.
KRISHNENDHU.C
SOURAV KRISHNAN.A.N

**CAMERA SUPPORT:** MAYA
MRIDHU
ABHIJITH K.

**LITTLE KITE LEADERS:** SOORAJ S,
ARYA K

# Our Staff Members



# Our Mess Helpers



# Our Little Kites (2018-20)




# Our Little Kites (2019-21)



# Our Student Editors



# Our LK Leaders and Camera persons



# INDEX TABLE


സന്ദേശം..........................................................2
എഡിറ്ററുടെ തൂലികയിലൂടെ..................................3
..........................................................................7
..........................................................................7
MNKMGHSS വിദ്യാലയ ചരിത്രം.....................12
ഞങ്ങളുടെ മികവുകൾ.......................................14
ചിതയെരിയും മുൻപ്.........................................17
എന്റെ സ്വന്തം..................................................18
ഓർമ്മയുടെ മഴക്കാലം......................................19
സ്കാൻഡിനേവിയൻ ജീവിതം............................20
മരഗുണം..........................................................21
പത്താംക്ലാസിലെ പിറന്നാളാഘോഷം................22
ചൂര്..................................................................23
നിറം.................................................................25
പൊതുവിജ്ഞാനം..............................................26
ഗാന്ധിജിയുടെ ജന്മവാർഷികം ഓർമിപ്പിക്കുന്നത്. 27
മിഴി..................................................................27
എന്റെ അനുഭവം..............................................28
പുഴ...................................................................29
കുസൃതി ചോദ്യം...............................................29
ബാക്കിയുണ്ട്.....................................................30
അതിജീവനം.....................................................31
ലഹരിയോ??അതോ.........................................32
ഹൃദയത്തിന്റെ നിറക്കൂട്ടുകൾക്കെന്തു സംഭവിച്ചു.......34
ഓർമ..................................................................35
മഴ.....................................................................36
മീശയും എല്ലുമ്പനും............................................37
വിദ്യാലയം.........................................................37
അധ്വാനിക്കാനുള്ള മനസ്സ്....................................38
നീറ്റൽ...............................................................39
മിഴി..................................................................40
പ്രണയമഴ..........................................................40
കാറ്റും മഴയും....................................................41
മായുന്ന പ്രകൃതി...............................................42
വനത്തിലെ തത്തയുടെ കഥ...............................43
കമ്പ്യൂട്ടർ ക്വിസ്സ്..................................................43
ഇല....................................................................44
ജീവിതാങ്കുരം....................................................45
അത്യാഗ്രഹം ആപത്ത്........................................46
രാമുവിന്റെ കഴുത...............................................47
മദ്യവും പുകയിലയും..........................................48
മനസ്സ്...............................................................48
ജീവിതലക്ഷ്യം...................................................50
ഒടിഞ്ഞചില്ലയും മനം മാറ്റവും..............................50
ക്വിസ്.................................................................52
പോക്കുവെയിൽ.................................................54
മഴവില്ല്.............................................................57
സൗഹൃദ തടാകം................................................57
അഹങ്കാരിയായ റോസാപ്പൂച്ചെടി...........................58
സുഹൃത്തുകളായ സിംഹവും മാനും........................59
വിശ്വം ദീപമയം..................................................59
ഓർമ്മകൾ..........................................................60
എന്താണ് ബാല്യം?..............................................61
രാമുവിന്റെ കൃഷിത്തോട്ടം....................................62
മഹത്വവചനങ്ങൾ...............................................63
വിരുന്നു പോയ ജസീർ........................................64
കർഷകൻ...........................................................66
അച്ഛൻ...............................................................66
Aspire English club Activities..........................75
A BROKEN HEART..........................................77
A LESSON FROM NATURE..........................77
MOTHER.........................................................78
EXAMINATION...............................................78
Don't Be Afraid Of The Dark..........................79
NATURE..........................................................79
MY MOTHER..................................................80
COME FAIRIES...............................................80
THE DAWN......................................................81
The Golden Days: My School Days................81
The Unforgettable Scar!...................................83
DREAMS..........................................................84

THE RAINBOW...........................................84
MY LOVELY MOTHER...............................85
MOTHER NATURE.....................................86
Grazy............................................................87
My Nature.......................................................87
SOCIAL MEDIA ADDICTION- Article by Ayisha Rizna (10F)........................................88
മാത്സ് ക്ലബ് ആക്ടിവിറ്റീസ്............................103
GEOMETRICAL PATTERNS......................104
ഗണിതഗീതം................................................114
കണക്കിലെ കടങ്കഥകൾ..................................114
കണക്ക്........................................................115
കുസൃതിക്കാരൻ..............................................115
സംഗീത ശ്രേണി...........................................116
സയൻസ് ക്ലബ് പ്രവർത്തനങ്ങൾ.......................119
AA ബാറ്ററി ഉപയോഗിച്ച് ഫോൺ ചാർജ്ജ് ചെയ്യാം ..................................................................120
HINDI WALL MAGAZINE – CHARLIE CHAPLIN..................................................122
HINDI NEWSPAPER - DARPAN................122
സാമൂഹ്യശാസ്ത്ര ക്ലബ് പ്രവർത്തനങ്ങൾ 2019......123
DOWN MEMORY LANE- PHOTOS...........126
WORK EXPERIENCE................................138
Smart Amma IT Training..............................142

# OUR LITTLE KITEs UNIT

The state Kerala Infrastructure and Technology for Education (KITE) has become a strong driving force in imparting computer training to school students of Kerala, pursuing SCERT syllabus. Under the aegis of KITE, a group of students from class VIII, interested in the field of computers, are selected and formed into a unit named as LITTLE KITES. The students are selected through an online competency test designed and regulated by the KITE unit. During the course of their study they are imparted expert training in the fields of Animation, Programming, Mobile App inventors, Electronics, Robotics, Hardware, cyber-safety and even Malayalam Typing. These students are trained by the Little Kite Master and Mistress who are in turn trained by the KITE Master Trainers.

In our school the Kite Master is Shri. Ravichandran A. (HST Phy.Science) and the Kite Mistress is Mrs. Susmita Nair P.( HST English). We started with a team of 38 members in 2018. now we have expanded to 117 members (3batches). 8 of these students got selected for the Sub-district camp (4 each for Animation and Programming). Amongst them 2 students got selected for the Distict levl camp. It was a proud moment when our Little Kite Ma. Adhith C.P. got selected for the State level camp which was held on 8 & 9 August 2019.

# MNKMGHSS വിദ്യാലയ ചരിത്രം

ടിപ്പുവിന്റെ പടയോട്ടം നടന്ന ഭൂമികയിൽ...പാലക്കാട് ജില്ലയിലെ, കടമ്പഴിപ്പുറം ഗ്രാമപഞ്ചായത്തിൽ പുലാപ്പറ്റ എന്ന ഞങ്ങളുടെ ഗ്രാമം സ്ഥിതിചെയ്യുന്നു. ഭാഷയെ സ്നേഹിച്ച ഒരു പറ്റം നല്ല മനുഷ്യരുടെ നിരന്തര ശ്രമങ്ങളുടെ ഫലമായി ഞങ്ങളുടെ വിദ്യാലയം നിലവിൽ വന്നു. 'പിലാവും പൊറ്റയും' നിറഞ്ഞ പുലാപ്പറ്റ എന്നർഥം വരുന്ന ഈ ദേശം കല്ലടിക്കോട് അംശത്തിന്റെ ഭാഗമായിരുന്നു. കുതിരവട്ടം സ്വരൂപത്തിന്റെ ചരിത്രം സാമൂതിരിയുമായി വളരെയധികം ബന്ധപ്പെട്ട് കിടക്കുന്നു. പതിനഞ്ചാം നൂറ്റാണ്ടിൽ കുതിരവട്ടം ഇവിടെ ആധിപത്യം സ്ഥാപിച്ചതായി ചരിത്ര രേഖകളിൽ കാണപ്പെടുന്നു. പാലക്കാട്, വള്ളുവനാട് പ്രദേശങ്ങളിൽ പല സ്ഥലങ്ങളിലും പടവെട്ടി കീഴ്പ്പെടുത്തിയിരുന്നതായി ഐതിഹ്യം ഉണ്ട്. പഴയ വള്ളുവനാട് താലൂക്കിൽ പെട്ടതും ഇന്ന് മലപ്പുറം ജില്ലയിൽ ഉൾപ്പെട്ടതുമായ ആലിപ്പറമ്പ്, അരക്കുപറമ്പ് മുതൽ പാലക്കാടിനടുത്ത് മുണ്ടൂർ വരെയുള്ള പ്രദേശങ്ങളും കുതിരവട്ടം സ്വരൂപത്തിനു കീഴിൽ ആയിരുന്നുവെന്ന് കണക്കാക്കപ്പെടുന്നു. കുതിരവട്ടം സ്വരൂപത്തിലെ പുരുഷന്മാർക്ക് നാലുസ്ഥാനങ്ങളാണ് ഉണ്ടായിരുന്നത്. കുതിരവട്ടത്തുനായർ എന്ന ഒന്നാം സ്ഥാനിക്ക് പാലക്കാട്ട് താലൂക്കിൽ ചാത്തന്നിരായിരൻ എന്നും വള്ളുവനാട് താലൂക്കിൽ കോതരാമൻ എന്നും പ്രത്യേക സ്ഥാനപ്പേരുകളുണ്ട്.1972-ൽ ആണ് M.N.K.M.ഗവ. ഹൈസ്ക്കൂൾ. മണ്ണിങ്കൽ നാരായണക്കുറുപ്പ് എന്ന മഹാനുഭാവന്റെ അനുഗ്രഹത്താൽ പ്രവർത്തനമാരംഭിച്ചത്. 1997-ൽ ഹയർ സെക്കൻഡറി വിദ്യാലയം നിലവിൽ വന്നു. കൊച്ചുകുട്ടികൾക്കായുള്ള പ്രീ പ്രൈമറി വിഭാഗം ഇവിടെ പ്രവർത്തിക്കുന്നു. പാലക്കാട് ജില്ലയിലെ മാതൃക വിദ്യാലയമായ M.N.K.M.G.H.S.S എന്ന ഞങ്ങളുടെ സ്ഥാപനം സാങ്കേതിക മികവടക്കമുള്ള നേട്ടങ്ങൾ കൊയ്യാനുള്ള പ്രയാണത്തിലാണ്.

# *Our Mission.......*

*Our mission is to impart quality education to all the students stressing on the overall development of the students in order to bloom their latent talents and multifarious potentialities. Being a Hi-tech and Harishri Model vidyalaya, we believe in developing our students into responsible citizens of the future. Activity oriented, skill based teaching- learning through innovative methodology is helping us to achieve our goal.*

*We aim to groom the child to achieve academic excellence through a combination of theoretical and practical pursuits which would propel the students towards attaining sublime levels of knowledge and wisdom. Sports, Karate training, and allied activities help in developing their physique. Their aesthetic sense is nourished through various hands on work experience classes and art activities. Extra curricular activities like NSS, JRC, SPC, LITTLE KITES, ATAL TINKERING LAB etc. helps our students to gain knowledge as well as develop good qualities like leadership, cooperation, mutual understanding, solidarity, courage to accept any challenge etc. The learned and dedicated staff, parents and well-wishers from the society are our pillars of support.*

*Thus our humble endeavour is to mould the mind , heart and soul of our pupils for the benefit of the society. Our motto is 'come to learn and leave to serve'.*

# ഞങ്ങളുടെ മികവുകൾ

*നിർമ്മാണം പുരോഗമിക്കുന്ന ഹൈടെക്ക് ബിൾഡിങ്ങുകൾ

*Solar Project

* പുലർകാല ക്ലാസ് പി.ടി.എകൾ

*ഒപ്പത്തിനൊപ്പം-ക്ലാസ്മുറികളിലെ രക്ഷിതാക്കളുടെ സാന്നിദ്ധ്യം

*വിദഗ്ദ കൗൺസിലിംഗ് ക്ലാസുകൾ

*കഥാക്കൂട്ടം

*ദേശചരിത്ര രചനാവഴികളിലൂടെ

*കുതിപ്പ്....മുന്നോട്ട്.....മികവ്.....

*നാടകക്യാമ്പുകൾ

*DEVAS....(DEVELOPMENT OF ENGLISH VOCABULARY AND SKILLS)

*ENGLISH FILM FESTIVAL

*A.T.L Tinkering Lab

*S.P.C

*J.R.C

*N.S.S

*LITTLE KITES

*Each Classroom Smart Classroom

*Smart Amma Classes

# Little Kites School camp & class for parents




മലയാളം
എന്റെ ഭാഷ
മലയാളമേ നിന്റെ വാക്കുകൾക്കുള്ളത്ര
മധുരം തുടിക്കുന്നതേതുഭാഷ
–ജെ. കെ. എസ്. വീട്ടൂർ

# ചിതയെരിയും മുൻപ്



ചിതയെരിയും മുൻപ്.....
അവളെഴുന്നേറ്റു വന്നാൽ
അവളെ കീറിപ്പറിച്ച
വിരൽനഖങ്ങളിലേക്ക്
കാർക്കിച്ചുതുപ്പും....
പാതിവഴിയിലുപേക്ഷിച്ച
നഷ്ടപ്രണയത്തിലേയ്ക്ക്
മേഘവിസ്ഫോടനങ്ങളുടെ
കനൽ മഴ പെയ്യും...
പൊട്ടാത്ത അസ്ഥികൾ
നീറിനീറികിടന്ന്
ചതിക്കുഴികളുടെ
അസ്ഥിവാരം തോണ്ടും...
ഒടുങ്ങാത്ത പകയുടെ
ഒരു പാതിരാപ്പൂവിരിയും
അതിന്റെ വെൺമയിൽ...
കനത്ത ഇരുട്ടിലും...
അവളുടെ തീവ്രമോഹങ്ങൾ
ജ്വലിച്ച പൊള്ളും....
അതിലേക്ക് നോക്കുന്ന
കഴുകൻ കണ്ണുകൾ അറിയാതെ
ഞെട്ടിക്കൊണ്ടിരിക്കും.....

Salila P.K.
HST So.Sc.

# എന്റെ സ്വന്തം

പൂനിലാവിന്റെ പാലാമഴിയുടെ
ഓളങ്ങളിൽ,എന്റെയുള്ളിൽ
ഞാൻ കണ്ട നിൻമുഖം
നീയറിയാതെ നിൻ
നിഴലായി നിന്റെ നെറ്റിയിലെ
കുളിർ ചന്ദനമായി ഞാൻ വാണു



എനിക്കറിയാമായിരുന്നു
നിനക്കവളെയാണിഷ്ടം
എങ്കിലും എന്നെങ്കിലും
നീയെൻന്റേതാകുമെന്ന
വിശ്വാസത്തോടെ.....

ഇനിയുമെഴുതാൻ വരികളിലെനിക്കു
മാത്രമായ്
ഇനിയുമെഴുതാൻ വരികളുണ്ട്
നിനക്ക് മഷിയും
തീർന്നഞ്ഞാൻ നിറുത്തട്ടെ
പരാതികളില്ലാതെ

-പൗർണമി.പി 10-C

# ഓർമ്മയുടെ മഴക്കാലം



കുട്ടിക്കാലത്തിന്റെ മഴയോർമ്മകൾക്ക് ഏഴ് അഴകാണ്.എന്നാൽ,ഒരു കുടയ്ക്ക് കാത്തിരുന്ന് കാത്തിരുന്ന് കണ്ണീരു തോർന്നുപോയ കുട്ടിയും ചരിത്രത്തിലുണ്ട്.അവൾക്ക് മഴ എന്ന അത്ര ഇഷ്ടമൊന്നും അല്ലായിരുന്നു.അവൾക്ക് മഴ നനയുക എന്ന ഒരു കാര്യം കേൾക്കുന്നതുപോലും ഇഷ്ടമല്ലായിരുന്നു.അവളുടെ സ്വഭാവം അങ്ങനെ.ഇനി മഴയെ ഒരുപാട് ഇഷ്ടപ്പെട്ടിരുന്ന കുറേ കുട്ടികൾ ഉണ്ടായിരുന്നു.ഒരുപാട് ഓർമ്മകൾ തന്ന ആ മഴക്കാലം...എല്ലാ വർഷവും സ്കൂളിലേക്കുള്ള ആദ്യ യാത്രകളിലെയും മഴ കൂട്ടിനുണ്ടായിരുന്നു.തലങ്ങും വിലങ്ങും ആർത്ത് പെയ്യുന്ന മഴക്കിടയുടെ മാത്രമേ സ്കൂൾ ദിനം ഓർത്തെടുക്കാനാവൂ.മഴ പെയ്യുമെന്ന് ഉറപ്പിച്ച് കുടയെടുത്ത് ഗമയിൽ ഇറങ്ങി അന്ന് മഴ പെയ്യാതിരുന്നത്,കറുത്ത് കനത്ത് പെയ്യുന്ന മഴയിലൂടെ കുടയും പിടിച്ച് ആരും കേൾക്കില്ലെന്ന ഉറപ്പിൽ ഉറക്കെ പാട്ടുംപാടി നടന്നത് കുടയെടുക്കാതെ ഇറങ്ങി പാതി വഴിയിൽ പെയ്ത മഴയിൽ നനഞ്ഞ് കുതിർന്ന് സ്കൂൾ ബെഞ്ചിൽ തണുത്ത് വിറച്ചത്,സ്കൂൾ വിട്ട് പോകും വഴിയിൽ ഇരുട്ടടച്ച് വരുന്ന മഴയെ പേടിച്ച് നനയാതെ വീട്ടിലേക്ക് ഓടികയറിയതും,കനത്ത് പെയ്യുന്ന കുഞ്ഞുമഴയിലൂടെ നനഞ്ഞ് നടന്നത്,രണ്ടും മൂന്നും പേർ ഒരു കുടയിൽ നനയാതിരിക്കാൻ കുടക്കാലിൽ ബലം പിടിച്ച് തന്നിലേക്കടുപ്പിച്ചത്, ബസ്സ്റ്റോപ്പിലും കടത്തിണ്ണയിലും മഴ തോരും വരെ കാത്തിരുന്നത്,കാറ്റും മഴയും ഒരുമിച്ചെത്തി കുട തട്ടിയെടുത്തത്.അങ്ങനെയുള്ള ഒരുപാട് ഓർമ്മകളാണ് മനസ്സിലേക്ക് ഓടിയെത്തുന്നതത്, “മലയപ്പുലയാനാ മാടത്തിൻ മനുറ്റത്ത്,മഴ വന്ന നാളൊരു വാഴ നട്ടു.”എന്നത് ചങ്ങമ്പുഴ എന്ന കവി നൽകിയ ഒരു മുന്നറിയിപ്പായിരുന്നു.

ഇതാണ് എന്റെ സ്കൂൾ ജീവിതത്തിലെ മഴക്കാല ഓർമ്മകൾ.

നബില. ടി
10-D

# സ്കാൻഡിനേവിയൻ ജീവിതം



ലോകരാഷ്ട്രങ്ങളിൽ ഏറ്റവും സന്തോഷകരമായ ജീവിതം നയിക്കുന്ന രാഷ്ട്രങ്ങൾ എന്ന നിലയിലാണ് സ്കാൻ ഡിനേവിയൻ രാഷ്ട്രങ്ങൾ പ്രസിദ്ധമായിരിക്കുന്നത്.2019 ലെ ലോക സന്തോഷ റിപ്പോർട്ട് പ്രകാരം ലോകത്തിലെ ഏറ്റവും സന്തോഷകരമായ ജീവിതം നയിക്കുന്ന രാജ്യങ്ങളിൽ ഒന്നാം സ്ഥാനം ഫിൻലാൻഡിനും,തുടർന്നുള്ള സ്ഥാനങ്ങൾ ക്രമത്തിൽ ഡെൽമാർക്ക്,നോർവേ,ഐസ്‌ലാൻഡ്,നെതർലാൻഡ്സ്,സ്വീഡൻ എന്നിവയുമാണ്.

എന്താണ് അവരുടെ സന്തോഷകരമായ ജീവിതത്തിന്റെ അടിസ്ഥാനം? കുറഞ്ഞ ജനസംഖ്യ,പ്രകൃതിവിഭവങ്ങളുടെ വർധിച്ച ആളോഹരിലഭ്യത,പ്രകൃതിവിഭവ വിനിയോഗത്തിലെ കരുതൽ,സർക്കാറിന്റെ ജനപക്ഷനയങ്ങൾ,സൗജന്യ വിദ്യാഭ്യാസം,സൗജന്യ ആരോഗ്യ സൗകര്യങ്ങൾ,ഉയർന്ന വരുമാനം,തൊഴിൽസമയം കുറഞ്ഞുകൊണ്ടിരിയ്ക്കുന്ന അവസ്ഥ,വർധിച്ചുകൊണ്ടിരിക്കുന്ന വിശ്രമസമയം എന്നിങ്ങനെ പല ഘടകങ്ങളുമുണ്ട്.പ്രകൃതിവിഭവങ്ങൾ വേണ്ടത്രയുണ്ടെങ്കിലും അവയുടെ വിനോയോഗത്തിൽ മാതൃകാപരമായ കരുതൽ സ്കാൻഡിനേവിയൻ സമൂഹത്തിലാകെ കാണാം.അവർ വളരെ കുറച്ച് മോട്ടോർ വാഹനങ്ങളെ ഉപയോഗിക്കുന്നുള്ളൂ.സൈക്കിളിന്റെ ഉപയോഗം വ്യാപകമാണ്.തത്ഫലമായി അന്തരീക്ഷമലിനീകരണം തീരെ കുറവാണ്.ഇങ്ങനെ ദൈനംദിനജീവിതത്തിൽ പ്രകൃതി സൗഹൃദപരമായ സമീപനം പുലർത്തുന്നതിൽ ഓരോ പൗരനും കാണിക്കുന്ന ഉത്തരവാദിത്വമാണ് സ്കാൻഡിനേവിയൻ സമൂഹത്തെ വ്യത്യസ്തമാക്കുന്നത്.അതിന് വ്യക്തികളെ പ്രാപ്തമാക്കുന്നതാണ് അവരുടെ വിദ്യാഭ്യാസരീതിഎന്നത് എടുത്തുപറയേണ്ടതാണ്.

-സൗരവ് കൃഷ്ണൻ.എ.എൻ (10-G)

# മരഗുണം




വിത്തിൽനിന്നൊരു വൃക്ഷം ആയതി-
നൊത്തിരി ശാഖകൾ ചില്ലകളിലകൾ
പൊട്ടിവിടർന്നൊരു പൂവുകളിൽ കനി-
യിട്ടു വളർന്നു നിരന്ന പഴങ്ങൾ
വർണ്ണചിറകിൽ പക്ഷികൾ വന്നവ
തിന്നും കൊമ്പിലിരുന്നു രസിച്ചും
പാടിപ്പലവിധ കേളികളോടി
കാതിൽ കോരിയൊഴിക്കും പൂന്തേൻ
തളരും ജീവൻ തല ചായ്ക്കാനായ്
തണലു വിരിച്ചു,തളിരാൽ വീശി
വേരുകൾ കൊണ്ടു പിടിച്ചു മണ്ണിനെ
മാരിയിൽ കുത്തിയൊലിക്കാതാക്കാൻ
കരിയില കൊണ്ടു പുതച്ചു ഈർപ്പം
കുറയാതെന്നും സംരക്ഷിക്കാൻ
ചില്ലകൾ കൊമ്പുകൾ ഇലയും തടിയും
എല്ലാം മനുജന് നൽകും വൃക്ഷം
ഇതുപോൽ പാരിന് സേവനമരുളാൻ
മലമല്ലാതെ മറ്റാരുകേൽ?

ദീപക്.എം
10-G

# പത്താംക്ലാസിലെ പിറന്നാളാഘോഷം



ഞാൻ ഇപ്പോൾ പത്താക്ലാസ്സിലാണ് പഠിക്കുന്നത്.എന്നാൽ പത്താംക്ലാസിലാണെന്ന ബോധം തീരെ ഇല്ലെങ്കിലും ഞാൻ ഇപ്പോഴും ചെറിയകുട്ടിയാണെന്നാണ് എന്റെ ധാരണ.ഞാൻ ഇങ്ങനെ പറയുമ്പോഴെല്ലാം എല്ലാവരും എന്നെ കളിയാക്കും.പക്ഷേ ഞാൻ അതൊന്നും വക വെക്കാറില്ല.വീട്ടുകാരും നാട്ടുകാരും ചോദിക്കും-ഇപ്പോൾ പത്തിലല്ലേ എന്ന്.അങ്ങനെ ചോദിക്കുന്നത് എനിക്ക് തീരെ ഇഷ്ടമല്ല.അപ്പോൾ ഞാൻ ചെറിയകുട്ടിയാണ് എന്ന വിചാരം എന്നിൽ നിന്ന് അകന്ന് പോകും.

അങ്ങനെയിരിക്കെ എന്റെ പിറന്നാൾ ദിവസം വന്നെത്തി.സ്കൂൾ ഇല്ലാത്തദിവസമായതിനാൽ എനിക്ക് അൽപം സന്തോഷവവും അൽപം സങ്കടവും തോന്നി.എന്റെ പിറന്നാൾ ഒരു ശനിയാഴ്ച്ച ആയിരുന്നു.അന്നാണെങ്കിൽ ഒരു ടീച്ചർ സ്പെഷ്യൽ ക്ലാസ് വെച്ചിരുന്നു.അങ്ങനെ പിറന്നാൾ ദിവസം ഞാൻ സ്കൂളിൽ പോവാൻ പുറപ്പെട്ടു.ശരിക്കും ടീച്ചർ ക്ലാസ് വെച്ചിരിക്കുന്നത് 10 മണിക്കായിരുന്നു.പക്ഷേ എന്റെ ഫ്രണ്ട്സ് എന്നോട് പറഞ്ഞത് 9 മണിക്കാണ് ക്ലാസ് എന്നാണ്.ഞാൻ കറക്ട് സമയത്തിന് സ്കൂളിലെത്തി,എന്റെ പിറന്നാളാണെന്ന് ആർക്കും അറയില്ല എന്ന വിചാരത്തിൽ ഞാൻ ക്ലാസിലേക്ക് കയറി.ക്ലാസിന്റെ വാതിൽ തുറന്നതും എല്ലാ കുട്ടികളും എണീറ്റ് നിന്ന് കൈയ്യടിച്ച് ബർത്ത്ഡേ പാട്ട് പാടുന്ന ഞാൻ ആകെ അന്തം വിട്ടുപോയി.ക്ലാസിൽ ബലൂണകൾ തൂക്കിയിട്ടിട്ടുണ്ടായിരുന്നു.അവർ ടേബിളിന് മുകളിൽ കേക്ക് റെഡിയാക്കിയിട്ടുണ്ടായിരുന്നു.അതെല്ലാം കണ്ടപ്പോൾ എന്റെ കണ്ണുകൾ നിറഞ്ഞുപോയി.എന്റെ പിറന്നാൾ ഓർത്തുവെച്ച് എന്റെ ഫ്രണ്ട്സിനെകുറിച്ച് ആലോചിച്ചപ്പോൾ എനിക്ക് അഭിമാനം തോന്നി.ഞാൻ പോയി കേക്ക് മുറിച്ചു.എല്ലാവരും കേക്ക് വീതിച്ചെടുത്തു. ഞാൻ ഇതുവരെ എന്റെ പിറന്നാൾ ഇത്രയും നന്നായി ആഘോഷിച്ചിട്ടില്ല. കൂട്ടുകാരുടെ കൂടെയുള്ള

പിറന്നാളാഘോഷം ഏറെ രസകരമായിരിക്കുമെന്ന കാര്യം അന്ന് ഞാൻ മനസ്സിലാക്കി. എന്റെ ജീവിതത്തിലെ മറക്കാനാകാത്ത ഒരു ആഘോഷമായിരുന്നു അത്.

അർച്ചന. പി. എസ്
10. ജി.

## ചൂര്



അച്ഛൻ വീട്ടിൽ നിന്ന്
പോയതിൽ പിന്നെയാണ്,
സമാധാനത്തോടെ
ജീവിക്കാനുള്ള
സ്വാതന്ത്ര്യം കിട്ടിയതെന്ന്
അമ്മ ഇടയ്ക്കിടയ്ക്ക്
നെടുവീർപ്പിടും...

അങ്ങനെയാണേൽ
സമാധാനത്തിനുള്ള
നോബേൽ സമ്മാനം അച്ഛന്-
തന്നെ കൊടുക്കണം.

സ്വാതന്ത്രം
കിട്ടിയതിൽ പിന്നെ
ജീവിതത്തിന്റെ
ഒരറ്റം പശുവിന്റെ കഴുത്തിലും
മറ്റേ അറ്റം
സ്വന്തം കഴുത്തിലുമായി
അമ്മ വലിച്ചുകെട്ടി.

മഴയായാലും വെയിലായാലും
അമ്മയും അമ്മൂമ്മയും
വൈകുന്നേരങ്ങളിൽ
മടങ്ങാതെ
പുല്ലരിയാന്പോകും.



അരിഞ്ഞെടുത്ത പുല്ല്
ദിവസങ്ങൾ പോലെ
അടുക്കിവെച്ച്,ഉണങ്ങിയ
വാഴപ്പോള കീറി,
ജീവിതം പോലെ
കൂട്ടിക്കെട്ടും.

ജീവിതവും ചുമന്നങ്ങനെ
മൂവന്തിക്ക് വരുമ്പോൾ,
ദൂരെ നിന്നേ പുല്ലിന്റെ ചൂര്
മൂക്കിലടിക്കും....

അമ്മയും അമ്മൂമ്മക്കും
ഇന്നും പുല്ലിന്റെയും
പശുവിന്റെയും ചൂരാണ്....

ജീവിതം കെട്ടിവലിച്ച്
പശുക്കൾക്കും,
അവരെ കെട്ടി വലിച്ച
ദിവസങ്ങൾക്കും
മറ്റെന്ത്
ചൂരുണ്ടാകാനാണ്?

ശ്രീലക്ഷ്മി.പി.ബി
10-C

# നിറം



ഒരിക്കൽ ഒരുപാട് കിളികൾ അവരുടെ സങ്കടം പറഞ്ഞുകൊണ്ട് സാക്ഷാൽ ദേവേന്ദ്രന്റെ അടുത്തേക്ക് പോയി.അന്നേരം ദേവേന്ദ്രൻ കിളികളോട് അവരുടെ പ്രശ്നം എന്തെന്ന് ചോദിച്ചറിഞ്ഞു

അപ്പോൾ കിളികൾ പറഞ്ഞത് ഇപ്രകാരമായിരുന്നു.

"അല്ലയോ ദേവേന്ദ്ര ഞങ്ങൾ ഒരു പ്രത്യേകിച്ച് നിറമില്ല.ഞങ്ങളെ കണ്ടില്ലെ ഞങ്ങൾക്ക് മണ്ണിന്റെ നിറമാണ്.അതുകൊണ്ടുതന്നെ ഞങ്ങളെ ആർക്കും തന്നെ ഇഷ്ടമില്ല." ഇതുകേട്ട ഇന്ദ്രൻ കിളികളോടെല്ലാം ഒരു ദിവസം എല്ലാ കിളികളോടും ഒരു സ്ഥലത്ത് ഒത്തുചേരാനായി ആവശ്യപ്പെടുകയും അങ്ങനെയെങ്കിൽ നിങ്ങളുടെ സങ്കടം തീർത്തുതരാം എന്നും ഇന്ദ്രൻ വാക്കുനൽകി.അങ്ങനെ ഇന്ദ്രൻ പറഞ്ഞ ദിവസം എത്തുകയും കിളികൾ എല്ലാം തന്നെ ഒരു സ്ഥലത്ത് ഒത്തുകൂടി വരിയായി നിന്നും ഓരോരുത്തരും മുൻവശത്ത് നിക്കുവാനായി തല്ലുകൂടി.ഇന്ദ്രൻ എത്തിയതും കിളികളെല്ലാം തന്നെ നിശബ്ദരായി നിന്നു.ആദ്യം നിന്ന കിളിക്ക് കറുപ്പുനിറവും രണ്ടാമതുനിന്ന കിളിക്ക് പച്ച നിറവും അങ്ങനെ ഓരോനിറവും കൊടുത്തു എല്ലാ നിറവും കൊടുത്തുകഴിഞ്ഞപ്പോൾ ഒരു കിളി മാത്രം അവശേഷിച്ചു.ആ കിളിയുടെ സങ്കടം തീർക്കാനായി ഇന്ദ്രൻ ഓരോ കിളിയിൽ നിന്നും ഓരോരോ തൂവൽ പൊഴിച്ച് ഈ കിളിക്കായി വെച്ചുകൊടുത്തു അങ്ങനെ വ്യത്യസ്ത കളറായ ഈ കിളി പിന്നീട് പഞ്ചവർണ്ണ കിളിയായി അറിയപ്പെടുന്നു.

ശ്രീലക്ഷ്മി.പി.ബി
10-C

# പൊതുവിജ്ഞാനം



1.കേരളത്തിലെ ആദ്യ ജൈവഗ്രാമം ഏതാണ്?

ഉ.ഉടുമ്പന്നൂർ(ഇടുക്കി)

2.ഇന്ത്യയിലെ ആദ്യ സമ്പൂർണ്ണ വനിതാ പഞ്ചായത്ത് ഏതാണ്?

ഉ.കമ്രു(ഹിമാചൽ പ്രദേശ്)

3.നൈട്രജൻ വാതകത്തിന്റെ നിറം ഏതാണ്?

ഉ.ചുവപ്പ്

4.ശബ്ദതാരാപഥം ആരുടെ ആത്മകഥയാണ്?

ഉ.റസൂർ പൂക്കുട്ടി

5.'റാണിയാർ' എന്ന പേരിലും അറിയപ്പെടുന്ന കേരളത്തിലെ നദി ഏതാണ്?

ഉ.പമ്പ

6.മലബാർ വന്യജീവി സങ്കേതം എതു ജില്ലയിലാണ് ഉൾപ്പെടുന്നത്?

ഉ.കോഴിക്കോട്

7.കേരളത്തിലെ ആദ്യ പുകയിലവിമുക്ത ജില്ല ഏതാണ്?

ഉ.കോട്ടയം

8.കേരളത്തിൽ ഏറ്റവുമധികം റെയിൽവേ സ്റ്റേഷനുകളുള്ള ജില്ല ഏതാണ്?

ഉ.തിരുവനന്തപുരം

9.ഭൂമിയിൽ ഏറ്റവും ദുർലഭമായി കാണപ്പെടുന്ന മൂലകം ഏതാണ്?

ഉ.അസ്റ്റാറ്റിൻ

10.കേരളത്തിലെ സ്വകാര്യമേഖലയിലെ ആദ്യ ജലവൈദ്യുത പദ്ധതി ഏതാണ്?

ഉ.മണിയാർ(പത്തനംതിട്ട)

അരുൺ.എൻ

10-F

# ഗാന്ധിജിയുടെ ജന്മവാർഷികം ഓർമിപ്പിക്കുന്നത്




മോഹൻ ദാസ് കരംചന്ദ് ഗാന്ധിയുടെ ജനനത്തിന് 150ാം വയസ് തികയുകയാണ് . 1869-ൽ ഗാന്ധി ജനിച്ച ഗുജറാത്തിൽ ഇപ്പോൾ ഉയർന്നനിൽകുന്നത് സർദാർ വല്ലബായ് പട്ടേലിന്റെ പ്രതിമയാണ്.ഇന്ത്യയുടെ സ്വാതന്ത്ര്യത്തിനവേണ്ടി പരിശ്രമിച്ചവരാണ് ഇരുവരും.ഗാന്ധി രാഷ്ട്രപിതാവാണ് എന്ന് വിളിക്കപ്പെട്ടപ്പോൾ പട്ടേൽ ഉരുക്കു മനുഷ്യൻ എന്ന് അറിയപ്പെട്ടു.

1948 ജനവരി 30 സ്വാതന്ത്ര്യ ഇന്ത്യയുടെ ചരിത്രത്തിൽ മതനിരപേക്ഷതയ്ക്കുനേരിട്ട ആദ്യത്തെ ആഘാതമാണ് അന്ന് മഹാത്മാ ഗാന്ധിയുടെ കൊലപാതകത്തിലൂടെ സംഭവിച്ചത്.1925 ൽ രൂപീകരിച്ച നാൾ മുതൽ ആർ.എസ്.എസ് പിന്തുടർന്ന വരുന്ന ഹിന്ദുരാഷ്ട്രവാദത്തിന്റെയും മുസ്ലീം വിരുദ്ധയുടെയും ഇരകൂടിയായിരുന്നു.ബി.ജെ.പിയുടെ നേതൃത്വത്തിലുള്ള കേന്ദ്രസർക്കാർ ആണ് ഗാന്ധി ജനിച്ച ഗുജറാത്തിൽ പട്ടേലിന്റെ പ്രതിമ നിർമ്മിച്ചത്.

നന്ദന.ബി

# മിഴി



എന്നും ഞാൻ കാണുന്നാമിഴികള്
ഹൃദയത്തിൽ മായാതെ കിടക്കുന്നു.
എന്തെന്നെനിക്കറിയില്ല-
തെന്തോ മനസ്സിൽ ഒട്ടി നിൽക്കുന്നു.
എന്നും രാവിലെ ഞാൻ കണിലേ-
ലെന്റെ മിഴികൾക്ക് രാത്രി ഉറക്കമില്ല.
എന്നു ഞാൻ കണ്ടു ആ മിഴികൾ
അന്നു തുടങ്ങിയതാണെന്റെ മോഹങ്ങൾ!

കൈലാസ്.പി.ദേവ് (10 G)

# എന്റെ അനുഭവം

ഞങ്ങൾ ഒരു ദിവസം തിരുവനന്തപുരം പോയി.ട്രെയിനിൽ ആയിരുന്നു യാത്ര.ഞാൻ അന്ന് ആദ്യമായിട്ടാണ് ട്രെയിനിൽ കയറിയത്.ഞാനും,അമ്മയും,അച്ഛനും,അനിയത്തിമാരും,അമ്മയെയും കൂടിയാണ് പോയത്.നല്ല രസമുണ്ടായിരുന്നു അവിടെ എത്തിയപ്പോൾ ഞങ്ങൾ ബീമാപള്ളിയിലേക്ക് പോയി അവിടെ കാണാൻ എന്തൊരു ഭംഗിയാണ്.ഞങ്ങൾ



അവിടെ തൊഴുതു അവിടത്തെ കുറേ കാഴ്ചകൾ കാണാൻ കഴിഞ്ഞു.പിന്നെ പത്മനാഭസ്വാമിക്ഷേത്രത്തിൽ പോയി.കുറെ പടികൾ ഉണ്ടായിരുന്നു.അവിടത്തെ പടികൾ കയറി ഞാൻ ദൈവങ്ങളെ തൊഴുതു.പുറത്തിറങ്ങിയപ്പോൾ മദാമയും സായിപ്പും ഉണ്ടായിരുന്നു.ഞാനും അനിയത്തിമാരും അവരുടെ ഒപ്പം നിന്ന് സെൽഫി എടുത്തു.പിന്നെ ഞങ്ങൾ ബീച്ചിൽ പോയി അവിടെയും സായിപ്പും മദാമയും ഉണ്ടായിരുന്നു.ഞങ്ങൾ കുറേ നേരം കളിച്ചു.പിന്നെ ഞങ്ങൾ ഐസ്ക്രീം കഴിച്ചു.ഞങ്ങൾ എല്ലാവരും ഹോട്ടലിലേക്ക് പോയി ബിരിയാണി കഴിച്ചു.പിന്നെ ഒരു പുഴയിലേക്ക് പോയി.ആ പുഴകരയിൽ മീനുകൾ ചത്തുകിടക്കുന്നു.പല തരം മീനുകൾ അവിടെയും ഇവിടെയുമായിട്ട് അമ്പോ!ഞാൻ ഒന്നിനെ എടുത്ത് നോക്കി.പിന്നെ ഞങ്ങൾ ഫിഷ് അക്വേറിയത്തിൽ പോയി അവിടെ കാണാൻ നല്ല രസമുണ്ടായിരുന്നു.എത്ര മീനാണ് അവിടെ.പിന്നെ ഞങ്ങൾ യാത്ര തിരിച്ച അവിടെന്ന് വാരനെ തോന്നുന്നില്ല ട്രെയിനിൽ കയറി അപ്പോൾ എഗ് ബിരിയാണി കൊണ്ടുവരുന്നു.ഞങ്ങൾ എഗ് ബിരിയാണി കഴിച്ചു.തിരുവനന്തപുരം എത്തിയപ്പോൾ ഉണ്ടായ ആ നല്ല അനുഭവം മറക്കാനേ കഴിയില്ല.ഇനിയും അവിടേക്ക് പോവാൻ തോന്നുന്നു.എനിക്ക് ഏറ്റവും ഇഷ്ടപ്പെട്ടത് സായിപ്പിന്റെയും മദാമയുടെയും ഒപ്പം നിന്ന് സെൽഫി എടുത്തതാണ്.

നന്ദന.ബി

# പുഴ



കാറ്റിന്റെ താളത്തിൽ ആടിപ്പാടി
പാറക്കെട്ടുകൾക്കിടയിലൂടെ സുന്ദരമായി
ഒഴുകുന്ന ഞാൻ.
എൻ ദേഹം കല്ലുകളാൽ അലകൃതമായി,
പക്ഷി മൃഗാദികൾക്ക് ജീവശ്വാസമായി
എൻ കണ്ണീർ ജലം.
എൻ ഒഴുക്കിലൂടെ മീനുകൾ
ആടിക്കളിക്കുന്നു പാടിക്കളിക്കുന്നു.
വൈകുന്നേരങ്ങളിൽ ഉല്ലാസവാഹിനി-
യായി ഒഴുകുന്ന ഞാൻ.
ചിലപ്പോൾ എൻ ഒഴുക്ക് മരണ
വാഹിനിയായി ഭൂമിയിൽ പതിക്കുന്നു.
മറ്റുള്ളവർക്കു സന്തോഷവാഹിനി-
യായി മാറുന്നു ഞാൻ.

സാനിയ ജെയ്സൺ 9-F

# കുസൃതി ചോദ്യം



1.രാത്രിപൂക്കുന്ന പൂവിന്റെ പേര്?
2.ക്രിസ്ത്യാനികളുടെ ആരാധനാലയം?
3.സീതയുടെ ഭർത്താവിന്റെ പേര്?
4.രാത്രിയിൽ മാനത്തു വരുന്നതാര്?

4 ചോദ്യങ്ങൾക്കും കൂടി ഒരു ഉത്തരം.

ബുദ്ധിയുള്ളവർ മൊത്തം കണ്ടുപിടിക്കും.(ഉത്തരം-മുല്ലപ്പള്ളി രാമചന്ദ്രന്)

പ്രണവ്.ടി.എസ്

9-C

# ബാക്കിയുണ്ട്

കണ്ണട മുഖത്തു നിന്ന് മാറ്റി കണ്ണൊന്ന് തിരുമ്മി ആവിപറക്കുന്ന ചായയെടുത്ത് ചുണ്ടത്ത് വെച്ച്കൊണ്ട് അദ്ധേഹം വീണ്ടും ചിന്തിക്കുവാൻ തുടങ്ങി.... "പ്രളയം....പ്രളയം....പ്രളയം പ്രളത്തെ കുറിച്ച് എഴുതണോ?വേണ്ടയോ? വായിക്കുന്നവർ പ്രളയം എന്ന് കണ്ടാൽ മടുക്കാൻ സാധ്യത കൂടുതലാണ്" അയാൾ കസേര പിന്നിലേക്ക് നീക്കി കണ്ണട വീണ്ടും മുഖത്ത് വച്ച് ടെറസ്സിലേക്ക് നടന്നു.മേഘത്തിന് തീരെ വയ്യാത്ത പോലെ അദ്ദേഹത്തിന് തോന്നി ചിലപ്പോൾ



കരഞ്ഞ് കരഞ്ഞ് തളർന്നതാകാം.അപ്പുറത്ത് നിന്ന് ആ പാട്ടുകാരി പാടുവാൻ തുടങ്ങി.കരിമ്പ് കഴിച്ചതിനു തുല്യം അവളുടെ ഗാനം.അദ്ധേഹം ആ കുയിലിനോട് പറഞ്ഞു "ആഹ...ഗംഭീരം നിയെന്റെ ക്ഷീണത്തെ അകറ്റി തന്നു" വടക്കുഭാഗത്ത് നിൽക്കുന്ന തെക്കിൽ തോട്ടത്തോട് അദ്ധേഹം ചോദിച്ചു: "നിന്റെ ഹൃദയത്തിന്റെ നിറക്കൂട്ടുകൾക്ക് ഇന്നെന്തു സംഭവിച്ചു." അദ്ധേഹം തിരമാലകളിലേക്ക് ഉറ്റുനോക്കികൊണ്ട് പറഞ്ഞു തളർന്ന മേഘമേ ഇന്ന് നീയാണെന്റെ തിരമാല നിങ്ങളിൽ ഞാനിന്ന് കാണുന്നത് നിറങ്ങളല്ല ദുർഗന്ധവും അഴുക്കുപിടിച്ച ശരീരവും മാത്രമാണ്.എന്റെ നാടിന്റെ ഹൃദയം ഇന്ന് സ്തംഭിച്ചിരിക്കുന്നു.രണ്ടാമത്തെ ഓപ്പറേഷൻ കഴിഞ്ഞു ഇനി ഒന്നു കൂടി ഭാക്കിയുണ്ട്.....

റോഷ്നി(8-D)

# അതിജീവനം



ആർച്ച.അവളുടെ പ്രസന്നമായ മുഖത്ത് ഒരു നറുപുഞ്ചിരിയുടെ നിറ സാന്നിദ്ധ്യമായിരുന്നു.തിളങ്ങുന്ന കണ്ണുകളും അതിലേറെ തിളക്കമുണ്ടായിരുന്ന ചിന്തകളും അവളെ ഒരു മാലാഖയാക്കി.പുസ്തകത്താളുകളുടെ ഉറ്റ ചങ്ങാതിയായിരുന്ന അവൾ ഓരോ നോവലുകളും ആർത്തിയോടെ വായിച്ചു തീർത്തു.അതിലേറെ ആകാംക്ഷയോടെ അവൾ നോക്കികൊണ്ടിരുന്നത് പത്രങ്ങളെയായിരുന്നു.കാരണം ആഴ്ചപതിപ്പുകളിലേക്ക് തന്റെ കൃതികൾ അവൾ അയച്ചുകൊടുക്കാറുണ്ട്.അച്ഛനായിരുന്നു ഇതിന് പിന്നിലെ സഹായി.

മഴയുടെ നനവുള്ള ഒരു പകലിൽ ദിനപത്രങ്ങളിൽ നിറഞ്ഞുനിന്നത് ആർച്ച എന്ന പെൺകുട്ടിയായിരുന്നു.തന്റെ ലേഖനങ്ങൾ പത്രങ്ങളിൽ വന്നിരുന്നെങ്കിൽ എന്നു കൊതിച്ച അവൾക്ക് വിധി മറ്റൊന്നാണ് നൽകിയത്.അവളുടെ ശരീരം പൈശാചികമായ കരങ്ങളാൽ കവർന്നെടുക്കപ്പെട്ടിരിക്കുന്നു.ഉയർച്ചകളിലെത്തുന്ന ആർച്ച എന്ന സ്വപ്നം അവളുടെ മാതാപിതാക്കളിൽ നഷ്ടപ്പെട്ടിരിക്കുന്നു.ഹൃദയമിടിപ്പുകൾ മാത്രം ബാക്കിയാക്കി മരണത്തോട് മല്ലിടുമ്പോഴും അവളിൽ അതിജീവനത്തിന്റെ പൊൻതരികളുണ്ടായിരുന്നു.ഉയർത്തെഴുന്നേൽപ്പിന്റെ നാമ്പുകൾ അവളിൽ തളിർത്തിരുന്നു.

ഹൃദയത്തിന്റെ നിറക്കൂട്ടുകൾക്ക് ഇന്നെന്തു സംഭവിച്ചു.അവൾ തിരമാലകളിലേക്ക് ഉറ്റുനോക്കിക്കൊണ്ട് പിറുപിറുത്തു.ഭ്രാന്തമായ അവളുടെ ചിന്തകളെ ആസ്വാദക ലോകം ഏറ്റുവാങ്ങിയിരുന്നു.15 വർഷങ്ങൾക്ക് മുമ്പ് പീഡനത്തിനിരയായ ആർച്ച് ഇന്ന് സാഹിത്യ ലോകത്തെ പൊൻതിളക്കമാണ്.നാളെ സൂര്യനുദിച്ചാൽ അവളുടെ പുസ്തകത്തിൽ പ്രകാശനമാണ്.പേനയെ ആയുധമാക്കി പുസ്തകത്താളുകൾ യുദ്ധകളമാക്കി മുറിവേറ്റ സിംഹം കണക്കെ അവൾ അനീതിയോട്

പോരാടുകയാണ്.സന്ധ്യയായിരിക്കുന്നു.അവളുടെ അതിജീവനം എന്ന പുസ്തകത്തെ കൈകളാൽ മുറുകെപിടിച്ച് സൂര്യനസ്തമിക്കുന്ന ദിക്കിലേക്ക് അവൾ മെല്ലെ നടന്നുനീങ്ങി.

## ലഹരിയോ??അതോ....

ഹൃദയത്തിന്റെ നിറക്കൂട്ടുകൾക്ക് ഇന്നെന്തു സംഭവിച്ചു.അവൻ തിരമാലകളിലേക്ക് ഉറ്റുനോക്കി...അവനെ ഈ അവസ്ഥയിലേക്ക് നയിച്ചത് പ്രണയമോ?ലഹരിയോ? എന്ന ചോദ്യത്തിന് മുന്നിൽ അവൻ ഒരു നിമിഷം നിശബ്ദനായിക്കൊണ്ട് തന്റെ നയനങ്ങൾ മെല്ലെ ചിമ്മി ഭൂതകാല ചിന്തകളിലേക്ക് ആഴ്ന്നിറങ്ങി കാതിൽ തിരമാലകൾ അലയടിക്കുന്ന ശബ്ദവും മനസ്സിൽ തേങ്ങലിന്റെ ശബ്ദവും...



അവന്റെ ആദ്യപ്രണയം ചിഞ്ചുവിനോടായിരുന്നു.2 വർഷക്കാലയളവിനു ശേഷം പ്രണയം നിരസിച്ച് അവൾപ്പോയപ്പോഴാണ് താൻ ആദ്യമായി ലഹരി ഉപയോഗിച്ചത്.അപ്പോഴും ഒരുപാട് പേർ ഉപയദേശിച്ചു "ഒരു പെണ്ണ് പോയതോണ്ടാണോ ഇവൻ ഇങ്ങനെ ലഹരി ഉപയോഗിക്കണേ" “ഉപദേശം ഈസ് അൺസഹിബ്ൾ" എന്ന് പറഞ്ഞു അവൻ അതിനെ തള്ളിക്കളഞ്ഞു പിന്നീട് അവൻ ഒരുപാട് ലഹരികൾ ഉപയോഗിക്കുകയും അതിനെത്തുടർന്ന് അവന്റെ പെരുമാറ്റരീതിയിൽ മാറ്റം വരാനും തുടങ്ങി.ഒരുപെങ്ങളുടെ അഹങ്കാരം അവളുടെ ആങ്ങളയാണ് എന്ന് വായ് നിറയെ തന്റെ പെങ്ങൾ സുമിത്രയോട് അവൻ പറയുമായിരുന്നു.എന്നാല് ഇന്ന്! ആ ചിന്ത മനസ്സിന്റെ ഏതോ കോണിൽ പോയി ഒളിഞ്ഞതുകൊണ്ടാവാം ബാലൻ എന്ന ഇവൻ തന്റെ പെങ്ങളെ കൊല്ലാൻ തുനിഞ്ഞതും അവളുടെ കഴുത്തിലെ മാല പൊട്ടിക്കാൻ ശ്രമിച്ചതും.

ഒരുപാട് നാളുകൾ കടന്നുപ്പോയി.എല്ലാവരിലും മാറ്റം വന്നു.അതുപോലെ നമ്മുടെ ബാലന് ഒരു അഡാർ പേര് കിട്ടി. “കഞ്ചാവ് ബാലൻ"ഇപ്പോൾ അങ്ങനയാ ബാലൻ അറിയപ്പെടുന്നത്.പക്ഷെ ബാലൻ ഇന്ന് തനിച്ചാണ് അമ്മയില്ലാ,പെങ്ങൾ ഇല്ല അച്ഛൻ ബാലന് '9' വയസ്സുള്ളപ്പോഴാണത്രേ മരിച്ചത്.അമ്മയും പെങ്ങളും ബാലന്റെ ആക്രമണങ്ങളും നാട്ടിലുള്ള അവന്റെ പ്രവൃത്തിയും കാരണം ആത്മഹത്യ ചെയ്യുകയാണ് ചെയ്തത്.

വർഷങ്ങൾ ഒരുപാട് ബാലനിൽ നിന്ന് ലഹരി മെല്ലെ മെല്ലെ ഒഴിഞ്ഞുപോവാൻ തുടങ്ങി.....

ഒരുനാൾ അതുസംഭവിച്ചു!നാട്ടുകാർ വിളിച്ചു പറയാൻ തുടങ്ങി. “കഞ്ചാവ് ബാലൻ കഞ്ചാവ് നിർത്തീ എന്ന്" നാട്ടുകാർക്കും അവന്റെ കൂട്ടുകാർക്കും അവനും ഒരുപാട് സന്തോഷമുണ്ടായ ദിവസം.പക്ഷെ ഇന്നും അവന്റെ മനസ്സിൽ ഒരു ചോദ്യമായിരുന്നു.എവിടെ എന്റെ അമ്മ?എന്റെ അനിയത്തി?ഈ സന്തോഷ വാർത്ത കേൾക്കാൻ അവർ എന്റെ കൂടെ ഇല്ലേ.....എന്ന അവൻ അവന്റെ മനസാക്ഷിയോട് ചോദിച്ചു.അവൻ ഒന്നും നോക്കാതെ ഒരു നിമിഷം കൊണ്ട് ഓടിപ്പോയി തന്റെ അമ്മയെയും പെങ്ങളെയും അടക്കം ചെയ്ത ശവപറമ്പിലേക്ക് എന്നിട്ട് കരഞ്ഞ് കൊണ്ട് അലറിപറഞ്ഞു "അമ്മേ...അമ്മയുടെ മോൻ ഇപ്പോ...ഇപ്പോ കഞ്ചാവ് ബാലനല്ല,വെറും ബാലനാ....അമ്മേ....അമ്മയുടെ മോൻ ഇപ്പോൾ നല്ല കുട്ടിയാ....അമ്മേ....അമ്മേ....എന്തെങ്കിലും ഒന്ന് പറ....എനിക്ക് ആ സ്വരം ഒന്ന് കേൾക്കണം....എന്നാൽ പെട്ടെന്ന് തൊട്ടപ്പുറത്തുള്ള കുഴി മാടത്തിൽ പറയുന്നു...ഏട്ടാ...അമ്മയെ വിളിക്കണ്ട അമ്മ സന്തോഷം കൊണ്ട് കരയാ..അതാണൊന്നും മിണ്ടാത്തത്...അവൻ ഉറക്കേ വിളിച്ചു മോളേ.........

# ഹൃദയത്തിന്റെ നിറക്കൂട്ടുകൾക്കെന്തു സംഭവിച്ചു

തിരുവത്തൂർ എന്ന ഗ്രാമത്തിൽ ഒരു പാവപ്പെട്ട ഒരു കൃഷികുടംബം ഉണ്ടായിരുന്നു.രാമു എന്ന ആളാണ് ആ വീട്ടിലെ ഗ്രഹനാഥൻ അയാൾക്ക് അഞ്ച് മക്കളായിരുന്നു.അയാളുടെ നിർബാഗ്യവശാൽ അയാളുടെ നാലു മക്കളും പണത്തിനു വേണ്ടി എന്തും ചെയ്യാൻ മടിക്കാത്തവരായിരുന്നു.മാത്രമല്ല അവൻ പല ലഹരി വസ്തുകൾക്കും അടിമയായിരുന്നു.ആ നാലു തലതെറിച്ച മക്കൾ കാരണം ആ കുടുംബത്തെ തന്നെ അവൾ വെറുത്തു.അവരെ മാത്രം കുറ്റം പറഞ്ഞിട്ടും കാര്യമല്ല ഈ ആധുനിക ലോകത്ത്.എല്ലാവരും പണത്തിനു പിന്നാലെയാണ്.അവരുടെയെല്ലാം മനുഷ്യത്തവം എവിടെയോവെച്ച് നഷ്ടമായിരിക്കുന്നു.രാമുവിന്റെ അഞ്ചാമത്തെ മകൻ അവൻ വളരെ നല്ലൊരു കുട്ടിയായിരുന്നു.എല്ലാവർക്കും



ഉപകാരം ചെയ്യും ഒരു പണക്കൊതിയനാവാതെ മനുഷ്യത്വമുള്ള ഒരു കുട്ടിയായി അവൻ വളർന്നു.അവന് ഈ ലോകത്തിന്റെ പണക്കൊതിയും മനുഷ്യത്വമില്ലായ്മയുമെല്ലാം എപ്പോഴും ആലോചിച്ച് വിശ്രമിക്കുമായിരുന്നു.അവന്റെ ഏറ്റവും വലിയ ആഗ്രഹം ഈ ലോകം എപ്പ്ോഴും സത്യം മാത്രമുള്ള പരസ്പരം സ്നേഹമുള്ള നല്ലൊരു ലോകം ആയിരുന്നു അവന്റെ സ്വപ്നം.അവർ അവന്റെ ജേഷ്ടൻമാരുടെ ചെയ്തികളിൽ അവന് വളരെ ദു:ഖം ഉണ്ടായിരുന്നു.അവൻ ഭയപ്പെട്ടിരുന്നു.അവരുടെ ചെയ്തികൾ കൊണ്ട് തനിക്ക് തന്റെ കുടംബത്തെതന്നെ നഷ്ടപ്പെടുമോ എന്ന്.അവന്റെ സങ്കടമൊന്നും പുറത്ത് കാണിക്കാതെ അവൻ ചിരിച്ച നടന്നു.ഒരു ദിവസം ലഹരി വസ്തു വാങ്ങിക്കാൻ പണം കൊടുക്കാത്തതിന് അവന്റെ അച്ഛനെയും അമ്മയെയും കൊന്ന് സ്വത്തുക്കളെല്ലാം അവർ തട്ടിയെടുത്തു.അവർ പണം സമ്പത്തെല്ലാം തട്ടിപ്പറിച്ച് കൊണ്ട് പോയി.അവരെ

ഒന്ന് സംസാരിക്കാൻ പോലും അവർ കാത്തുനിന്നില്ല.അവർ പോയി.അവർ എങ്ങോട്ടോപോയി.അവൻ അവരെ സംസ്കരിച്ചു.അവൻ വിഷമത്തിലാണ്ടുപോയി.അവൻ തളർന്നില്ല അവൻ അവന്റെ ജീവിതം പാവപ്പെട്ടവർക്കു വേണ്ടി ഒഴിഞ്ഞു വെച്ചു.ഒരു കടൽതീരത്തിന്റെയടുത്ത് ഒരു അനാഥാശ്രമം അവൻ നിർമ്മിച്ചു.അവൻ കഷ്ടപ്പെട്ട് അവരെയെല്ലാം അവൻ സംരക്ഷിച്ചു.അവന് വിഷമം വരുമ്പോൾ അവൻ തിരമാലകളിലേക്ക് നോക്കി കൊണ്ടേയിരിക്കും.അവൻ അവന്റെ വിഷമങ്ങളെ അവൻ ആ തിരമാലകൾക്ക് വിട്ടുകൊടുക്കും.അവനെല്ലാം ആ തിരമാലകളിൽ ഒഴിക്കികളയും.അങ്ങനെ അവൻ അനാഥകൾക്ക് വേണ്ടി തന്റെ എല്ലാം ഒഴിഞ്ഞു വെച്ചു.എല്ലാം അവർക്കു നൽകി.മനുഷ്യരുടെ ദുഷ്ടതകൾ വീണ്ടും തുടർന്നുകൊണ്ടിരുന്നു.അവൻ അവന്റെ ജേഷ്ടൻമാരറിയാതെ അവൻ സഹായിച്ചുകൊണ്ടിരുന്നു.പക്ഷേ അവർ അവരുടെ പണ കൊതി വിട്ടിരുന്നില്ല.ഒരു ദിവസം അവൻ കടൽ തീരത്തിരിക്കുമ്പോൾ അവന്റെ സഹായി അവനോട് പറഞ്ഞു.തന്റെ ജേഷ്ടൻമാരെല്ലാം വധിച്ചിട്ട് അവരുടെ പണമെല്ലാം ഒരു കൊലസംഘം കൊണ്ടുപോയി.അവൻ വിഷാധഭാത്തിൽ ചിന്തിച്ചു "ഹൃദയത്തിന്റെ നിറക്കൂട്ടുകൾക്കിന്നെന്തു സംഭവിച്ചു.അവൻ തിരമാലകളിലേക്ക് ഉറ്റുനോക്കി.”തന്റെ വിഷമങ്ങളെല്ലാം അതിൽ ഒഴുക്കി കളഞ്ഞു.അവൻ അവന്റെ സൽപ്രവർത്തികൾ തുടർന്നു കൊണ്ടിരുന്നു.

## ഓർമ



പേനപ്പോയപ്പോൾ കരഞ്ഞതും
മിഠായി കിട്ടിയപ്പോൾ ചിരിച്ചതും
പിറന്നാളിന് പുതിയ ഉടുപ്പിൽ തിളങ്ങിയതും
ബുക്കിൽ വരഞ്ഞപ്പോൾ പിണങ്ങിയതും
ഓടികളിച്ചപ്പോൾ വീണതുമെല്ലാം
നാരങ്ങ മിഠായി നുണഞ്ഞ്

പത്താം ക്ലാസിലെ ബാക്ക് ബെഞ്ചിലിരുന്ന്
പൊട്ടിച്ചിരിച്ചപ്പോൾ ഓർത്തുപോയി.

തൃഷ.കെ.എസ് (10-G)

# മഴ



ഒരാനന്ദാശ്രുവായ് വാനിൽ നിന്നും
ഭൂമിയിൽ പതിക്കും മഴയേ
ഭൂമിയുടെദാഹം തീർക്കും നിൻ
വരവും കാത്തു നിൽപ്പു ഞാൻ.

നിൻ വരവിൻ മുന്നറിയിപ്പോയ്
വാനിൽ നിറയും കാർമേഘങ്ങൾ
നൃത്തമാടിടും മയൂരങ്ങൾ
സന്തോഷം മാത്രം എങ്ങും എങ്ങും.

മഴതൻ തുള്ളികൾ മണ്ണിൽ പതിക്കുമ്പോൾ
നിറയുന്ന പുതുമണ്ണിൽ നറുമണം.
നിൻ വാരവില്ലിനാൽ ഏകുന്ന
സപ്ത വർണ്ണത്തിൽ സൗന്ദര്യം.

ഗോകുൽ രാജ്.കെ.ആർ (9-G)

# മീശയും എലുമ്പനും

ഓണക്കാലം വന്നു.മീശയും എലുമ്പനും പൂക്കളമിടാൻ പൂ തേടി കാട്ടിലൂടെ നടക്കുകയായിരുന്നു. അപ്പോഴാണ് ഒരാൾ അവരെ കണ്ടത്,അയാൾ പറഞ്ഞു. “ഡോയ് സൂക്ഷിക്കണം ഈ കാട്ടിൽ നിറയെ പാമ്പുകളുണ്ട്! “പാമ്പുകളോ? എലുമ്പൻ ഞെട്ടി. “സാരമില്ലെന്നേ...പാമ്പിനെ കണ്ടാൽ നമ്മുക്ക് തല്ലിക്കൊല്ലാ.മീശ പറഞ്ഞു അവൾ ഒരുവടിയും കൈയിലെടുത്ത് കാട്ടിലൂടെ പൂക്കൾ തേടി നടപ്പ് തുടർന്നു അപ്പോഴാണ് അവർ അത് കണ്ടത്. കുറ്റിക്കാടിനു പുറത്തേക്ക് ഒരു പാമ്പിന്റെ വാല് നീണ്ടുകിടക്കുന്നു. “അയ്യോ...അണലി മഞ്ഞ നിറവും കറുത്തപുള്ളികളും,വേഗംഅടിച്ചുകൊല്ല്!”എലുമ്പൻ പറഞ്ഞു.മീശ വടി കൊണ്ട് പാമ്പിനെ ഒറ്റയടി.പെട്ടെന്ന് കുറ്റിക്കാട്ടിൽ നിന്നും ഒരു അലർച്ച ഗർർ ർ...കുറ്റിക്കാട്ടിൽ കിടന്നിരുന്ന പുലിയുടെ വാലായിരുന്നു അത്, രണ്ടുപേരും പേടിച്ച് ഓടടാ...ഓട്ടം.

# വിദ്യാലയം



വിദ്യാലയത്തിന്റെ പൂമുഖം കാണവാ-
നമ്പിളി ചന്തമാണുണ്ണി....
അക്ഷരം തെറ്റാതെ ചൊല്ലിത്തരുന്നൊരു
ഗുരുഭൂതരുണ്ടെന്റെ ഉണ്ണി...
നല്ല ഗുരുഭൂതരുണ്ടെന്റെ ഉണ്ണി...

വിദ്യാലയത്തിന്റെ പൂമുഖം കാണവാ-
നമ്പിളി ചന്തമാണുണ്ണി..
ആഴത്തിലുയരുന്നൊരക്ഷര പൊയ്കയിൽ

അലിയുന്ന മുത്തുകൾ നമ്മൾ...

അതിൽ നിറയുന്ന മുത്തുകൾ നമ്മൾ...

വിദ്യാലയത്തിന്റെ പൂമുഖം കാണവാ-

നമ്പിളി ചന്തമാണുണ്ണി...

അക്ഷരം തെറ്റാതെ ചൊല്ലിത്തരുന്നൊരു

ഗുരുഭൂതനുണ്ടെന്റെ ഉണ്ണി...

നല്ല ഗുരുഭൂതനുണ്ടെന്റെ ഉണ്ണി..(2)

ശ്രീലക്ഷ്മി.പി (8-D)

## അധ്വാനിക്കാനുള്ള മനസ്സ്.



ഗ്രാമത്തിൽ നിന്നു റോബിൻ നഗരത്തിലേക്ക് വന്നത് ജോലി അന്വേഷിച്ചാണ്.ഏതു ജോലിയ്ക്കും അതിന്റേതായ മഹത്വമുണ്ടെന്ന് ചിന്തിക്കുന്ന ആളാണ് റോബിൻ.അതുകൊണ്ടുതന്നെ ഏതു ജോലി ചെയ്യാനും അയാൾ തയ്യാറായിരുന്നു.പക്ഷേ,അയാൾക്ക് തെരുവിൽ തൂപ്പുക്കാരന്റെ ജോലി പോലും കിട്ടിയില്ല.എഴുതാനും വായിക്കാനും അറിയില്ല എന്നതായിരുന്നു കാരണം.

ജീവിക്കാനുള്ള വക കിട്ടാതായപ്പോൾ അയാൾ വളരെ വിഷമിച്ചു. ഒടുവിൽ അയാളൊരു മാർഗം കണ്ടെത്തി.ഗ്രാമത്തിൽ ധാരാളം വിളയുന്ന പച്ചക്കറികൾ നഗരത്തിലെ തെരുവിൽ കൊണ്ടുപോയി വിൽക്കുക!അങ്ങനെ ആ ജോലി ഭംഗിയായി ചെയ്തു.തെരുവുകച്ചവടം മാറ്റി ഒരു കട തുടങ്ങി.പിന്നെ കച്ചവടം കൂടിയപ്പോൾ കട വലുതാക്കി.പച്ചക്കറികൊണ്ടുവരാൻ വാഹനങ്ങളായി.കുറച്ച് നാളുകൾക്കുള്ളിൽ റോബിൻ സമ്പന്നനായി.

ഒരു ദിവസം ധാരാളം പണവുമായി റോബിൻ ബാങ്കിലെത്തി. “ഈ പണം ഇവിടെ നിക്ഷേപിക്കണം.” റോബിൻ പറഞ്ഞു.അതുകേട്ട് ബാങ്കിലെ ഉദ്യോഗസ്ഥൻ ഒപ്പിടാനായി സ്ലിപ്പ് കൊടുത്തു.അപ്പോൾ റോബിൻ പറഞ്ഞു. “എനിക്ക് എഴുതാനും വായിക്കാനും അറയില്ല. “ഇത്ര സമ്പന്നനായ നിങ്ങൾക്ക് എഴുത്തും വായനയും അറിയില്ലേ?” ഉദ്യോഗസ്ഥൻ അത്ഭുതത്തോടെ ചോദിച്ചു.അയാൾ തുടർന്നു. “അക്ഷരവിദ്യാഭ്യാസമില്ലാതെ തന്നെ താങ്കൾ ഇത്രയും പണക്കാരനായി.ഒന്നാലോചിച്ചുനോക്കു എഴുത്തും വായനും അറിയാമായിരുന്നെങ്കിൽ താങ്കൾ എവിടെ എത്താമായിരുന്നു!എന്തൊക്കെ ആകാമായിരുന്നു!” റോബിൻ പുഞ്ചിരിയോടെ പറഞ്ഞു. “അതെനിക്കറിയാം,അക്ഷരാഭ്യാസമറിയാമായിരുന്നെങ്കിൽ ലഎനിക്ക് ഈ നഗരത്തിലെ ളുപ്പക്കാരന്റെ ജോലി കിട്ടുമായിരുന്നു! എത്ര പഠിപ്പുണ്ടായാലും അധ്വാനിക്കാനുള്ള മനസ്സ് ഉണ്ടായില്ലെങ്കിൽ ഫലമില്ല.

# നീറ്റൽ



അവളുടെ ചിന്തയിൽ കാണാം
അവളെ കാർന്നു തിന്ന
കഴുകന്റെ നിഴലുകൾ
അവളെ പൊതിഞ്ഞ ചോരയുടെ നിറം
അവളിൽ തിന്നുതീർന്ന കണ്ണീരിൽ നനവ്.
അവശേഷിച്ച നിലവിളി തുണ്ടുകൾ.
ഒന്നു തിരിഞ്ഞാൽ കാണാം മറ്റൊരു-
കുഞ്ഞുപൂവിൽ കനലായ് നീറുന്ന പകയും.

റാബിയത്തുൽ അദബിയ
10-B

# മിഴി




തേന്നൂറുന്നക മിഴികളും,പവൽപോലെ ഉള്ള ചിരിയും ജനൽപാളിയിലൂടെ കണ്ടാണ് ആ ദിനം ആരംഭിച്ചത്.പെട്ടെന്നാണ് ആ മുഖം തിരിച്ചറിഞ്ഞത്.മനോഹരമായ ഒരു പൂവിന്റെ അടുത്തേക്ക് തേൻനുകരനാനുള്ള പൂമ്പാറ്റയെന്ന പോലെ അവൻ ബസ് സ്റ്റാന്റിനടുത്തേക്ക് കുതിച്ചു.ഒരു മിന്നൽ ഹൃദയത്തിടിയിലൂടെ കടന്നു പോയപ്പോൾ ഓർമകൾ ചികയുന്ന ഒരു ഭ്രാന്തനെപ്പോലെയായിരുന്നു അവൻ ആ ബസ്സിൽ മുൻ സീറ്റിൽ അലസമായി പാറിനടക്കുന്ന മുടിയെ കോതിയൊതുക്കുകയായിരുന്നു അവൾ.ബസിറങ്ങി ഈ മണൽപ്പരപ്പുകളിലൂടെ അവളെ പിൻതുടരുമ്പോൾ അവൻ അറിഞ്ഞിരുന്നില്ല,ഹൃദയം നടക്കുന്ന വേദനയാണ് അവനവിടെയുള്ള സമ്മാനമെന്ന്.ഒരു നിമിഷം അവളുടെ കൈത്തണ്ടയിൽ മറ്റൊരു കൈകൂടി ചേർന്നു.അവൻ ചിന്തിച്ചു: “എന്നോ നോക്കിയ അതേ മിഴികളോടെ അവൾ അവനേയും നോക്കി.” ആ തിരക്കിനിടയിലും അവൻ ഏകാന്തതയുടെ വീർപ്പുമുട്ടലനുഭവിച്ചു. തിരമാലകൾ മണ്ണിൽ ഒരുപക്ഷേ സങ്കടത്താൽ അലയടിക്കുന്നതാകാം...ഹൃദയത്തിന്റെ നിറക്കൂട്ടുകൾക്ക് ഇന്നെന്തു സംഭവിച്ചു.അവൻ തിരമാലകളിലേക്ക് ഉറ്റുനോക്കി.

അനഘ.എസ് (9-D)

# പ്രണയമഴ



പെരുമഴയത്ത് കുതിർന്നൊലിക്കാതിരിക്കാൻ
പ്രണയമെന്ന് പറഞ്ഞവളുടെ
കുടക്കീഴിലേക്ക്
ഞാൻ-ചേർന്ന് നിന്നു

പാതിവഴിയിൽ വച്ച് അവൾ
ഒന്ന് ചിരിക്കാൻ പോലും കൂട്ടാക്കാതെ
എന്നെ നനയാൻ വിട്ട്
അവൾ.
കുട അവൾ അപരനിലേക്ക് നീട്ടി.

മഴപെയ്തതിൽ ഞാൻ
അവൾ ചോർന്നൊലിക്കെ
ഇരുളിലേക്ക്
പണ്ടെപ്പോഴോ ഞാൻ വലിച്ചെറിഞ്ഞ
വില്ലൊടിഞ്ഞ കുട
അവൾ എന്നിലേക്ക് ചാച്ചത്
സ്വഗളച്ഛേദം നടത്തിയ പ്രണയിനി....

കരിമ്പാറയെൻ അവൾ ഹൃദയം
ലോലമാവതും കാത്ത്
അശോകവനത്തിൽ
രാത്രിയാമങ്ങളെ വെളുപ്പിച്ചവൾ
മഴ തോർന്നു
കുടക്കുള്ളിൽ തിമർത്തു പെയ്യുന്നുണ്ടിപ്പോഴും
പ്രണയ മഴ.

ശ്രീമിത.പി.എസ് (10-C)

## കാറ്റും മഴയും

പുഴയിൽ പൂക്കൾ വിതറീട്ട്
കാറ്റും മഴയും പാടുന്നു
തിരത്തുള്ളൊരുപച്ചതൈകൾ
താനെ താളമടിക്കുന്നു
പുഴവക്കത്തൊരു പുന്നാരക്കിളി



ളുവൽ കോതി മിനുക്കുന്നു.
ഇടിയും മഴയും വന്നൊരു നേരം
കിളിയൊരു പൊത്തിലൊളിക്കുന്നു
പുഴയതു കണ്ടു ചിരിക്കുന്നു
മഴയതു കണ്ട് രസിക്കുന്നു.

പ്രണേഷ്.എസ് 10 G



## മായുന്ന പ്രകൃതി

നമ്മൾ ഒളിച്ചുകളിക്കാറുണ്ട്.വളരെ ശ്രദ്ധയുള്ളവർ ഒളിച്ചിരിക്കുന്നവരെ കണ്ടെത്തും.അതുപോലെത്തന്നെയാണ് പ്രകൃതി.പ്രകൃതി വളരെ വിശാലമാണ്.ചിലകാഴ്ചകൾ കണ്ടാൽ നാം തന്നെ അത്ഭുതപ്പെട്ടു പോകും.മരങ്ങളും,പൂക്കളും,പൂമ്പാറ്റകളും,മലകളും,പച്ചപ്പും എല്ലാം കാണാം.കാറ്റുവീശുമ്പോൾ മരങ്ങളെല്ലാം ആടിയുലയുന്നു.ചെടികൾ നമ്മെ വന്ന് തഴുകുന്നു.മേഘങ്ങൾ പുഞ്ചിരിക്കുന്നു.ഈ കാഴ്ചകൾ കണ്ട ഒരാൾക്ക് ഒരിക്കലും പ്രകൃതിയെ ഉപദ്രവിക്കാൻ സാധിക്കില്ല.ഇതൊന്നും കാണാത്തതുകൊണ്ടാണ് നാം പ്രകൃതിയെ നശിപ്പിക്കാൻ തുനിയുന്നത്.

മലകളെ നാം ഇടിച്ചുനികത്തുന്നു,പുഴകളിൽ നിന്നും മണൽ വാരുന്നു,ശ്രദ്ധിച്ചാൽ മരങ്ങളുടെ നിലവിളിയും കേൾക്കാം.ജെ.സി.ബി ഉപയോഗിച്ച് ഇടിച്ചുനികത്തുന്ന പ്രകൃതി നമ്മോട് എന്ത് തെറ്റാണ് ചെയ്തത്? പ്രകൃതി അമ്മയാണ്.ആ അമ്മയെയാണ് നാം നശിപ്പിക്കുന്നത്.അമ്മയെ ദ്രോഹിക്കരുത്.മനുഷ്യന്റെ സുഖസന്തോഷത്തിനുവേണ്ടി അമ്മയെ നശിപ്പിക്കരുത്.ഇതിനുതുനിയുമ്പോൾ ഒന്നോർക്കുക,പ്രകൃതിയെ നശിപ്പിക്കുന്നതിലൂടെ നാം തന്നെയാണ് നശിക്കുന്നത്.എന്തെന്നാൽ നാം പ്രകൃതിയുടെ ഭാഗമാണ്.

സുധിൻ പി 10-G

# വനത്തിലെ തത്തയുടെ കഥ



ഒരു കാട്ടിൽ ഒരു വലിയ മരത്തിൽ ഒരു തത്തയും അതിന്റെ കുട്ടികളും താമസിരുന്നു.അവരുടെ ജീവിതം വളരെ സന്തോഷകരമായിരുന്നു.ഒരിക്കൽ ഒരു വേട്ടക്കാരൻ ആ തത്തയെയും അവളുടെ കുട്ടികളെയും കണ്ടു.ഒരു ദിവസം ആ തത്ത ഭക്ഷണത്തിനു വേണ്ടി പോയി.ആ തക്കം നോക്കി അയാൾ ആ മരത്തിൽ കേറി തത്തക്കുട്ടികളെ പിടിക്കാൻ ശ്രമിക്കുകയുണ്ടായി അതാൽ ഒരു കുട്ടിയെ അയാൾ പിടിച്ചു.രണ്ടാമത്തെ തത്തക്കുട്ടി കൂട്ടിൽ നിന്ന് ചാടിമാറി ഒരു കരിയിലക്കൂട്ടത്തിൽ ഒളിച്ചു. അപ്പോൾ തന്നെ ഒരു മനുഷ്യൻ അതു വഴി വന്നു.അയാൾ ഈ കാഴ്ചകൾ എല്ലാം കണ്ടിരുന്നു.ആ തത്ത കുട്ടിയെയും പിടിച്ച് കൊണ്ടു പോയി.ഒരു കുട്ടി വേട്ടക്കാരന്റെ കൈയ്യിലും ,ഒരു കുട്ടി ആ മനുഷ്യന്റെ കൈയ്യിലും ആയി.പാവം ആ അമ്മതത്ത കൂട്ടിലെ കുട്ടികളെ കാണാഞ്ഞിട്ട് ഇരുന്ന് കരയാൻ തുടങ്ങി. രണ്ടു ദിവസം കഴിഞ്ഞു. ആ അമ്മ സിന്ധു നദിയിലേക്ക് പോകുന്ന വഴി ആ കുട്ടികളെ കണ്ടു. തത്തകുട്ടികൾ ആയാൽ വാശികൾ ആയിരുന്നു.
ആ വിവരം അവർക്ക് അറിയില്ല. പാവം ആ തത്ത കുട്ടികൾ. ആ അമ്മതത്ത എന്നും അവരെ കാണും അവർക്കു വേണ്ട ഭക്ഷണം കൊടുക്കും.അങ്ങനെ അവർ പിന്നെയും സന്തോഷമായി ജീവിക്കാൻ തുടങ്ങി.

ഗുണപാഠം

നമ്മൾ എവിടെയാണെങ്കിലും ഒത്തൊരുമയോടെ ജീവിക്കണം.

# കമ്പ്യൂട്ടർ ക്വിസ്സ്



1.കമ്പ്യൂട്ടർ കണ്ടുപ്പിടിച്ചതാര് ?
ഉ.ചാൾസ് ബാബേജ്.
2.ചിത്രങ്ങൾ ചലനങ്ങൾ അക്ഷരങ്ങൾ ശബ്ദവും സമന്വയിപ്പിക്കുന്ന കമ്പ്യൂട്ടർ അവതരണമേത് ?

ഉ.മൾട്ടിമീഡിയ.

3.കമ്പ്യൂട്ടറിന്റെ മനസ്സ് എന്ന് വിശേഷിക്കാവുന്ന ഭാവമേത് ?

ഉ.റാം

4.ആദ്യം സ്ഥാപിതമായ കമ്പ്യൂട്ടർ ഏത്?

ഉ.ഐ .ബി .എം

5. ഇന്ത്യയിലെ സൂപ്പർ കമ്പ്യൂട്ടർ ഏത്?

ഉ.പരം 10,000

6.കമ്പ്യൂട്ടറിന്റെ നിലവറ എന്നറിയപ്പെടുന്നത ഏത്?

ഉ.ഹാൻസ് ഡിസ്ക്

## ഇല



കാറ്റിനോടൊപ്പം ഇളകുന്ന ഇലകളെ
ഞാനൊന്നു നോക്കി
ഫാനിന്റെ കാറ്റിനേക്കാൾ
മൃദുമുള്ളതുകൊണ്ടു തന്നെയലേ
അവർ തമ്മിലുള്ള സംഭാഷണം
നീണ്ടുപോയത്

ഇടയ്ക്കൊരു മഴയുടെ
വരവിനാലാവണം ആ സംഭാഷണത്തിന്റെ
ചരടിന്റെ ബലവും
നിഷ്പ്രയാസം കുറഞ്ഞുവന്നത്
മഴയുടെ മനസ്സിൽ സങ്കടങ്ങൾ
കൂടിയപ്പോഴാണെന്നു തോന്നുന്നു
മഴത്തുള്ളികൾക്ക് കൂടുതൽ
ശക്തി പ്രാപിച്ചത്
പെട്ടന്നുള്ളൊരു കാറ്റ് വെറുപ്പോടെ
മഴയിൽ നിന്നാ ആ ചരടിനെ
ദൂരെ പറത്തിവിട്ടുവോ.....?

ദൃശ്യ

# ജീവിതാങ്കുരം




വിശപ്പ് എവിടെയും വിശപ്പ്. വിശപ്പിന്റെ നാളം കത്തി ജ്വലിക്കുന്ന ഒരു ദിനം. ഒരു പെൺകുട്ടി തന്റെ അമ്മയോട് ഒരു കാര്യം ആവശ്യപ്പെട്ടു- "അമ്മേ വിശക്കുന്നു. എനിക്ക് കഴിക്കാൻ എന്തെങ്കിലും വേണം." ഇതു കേട്ടപ്പോൾ അമ്മയുടെ കണ്ണുനീർ കരിവാളിച്ച കണ്ണിലൂടെ ഒഴുകാൻ തുടങ്ങി. മെലിഞ്ഞുണങ്ങിയ കൈകൾ കൊണ്ട് അവളെ വാരിപുണർന്ന് ആ അമ്മ പൊട്ടി കരഞ്ഞു. എന്റെ മോളെ നിന്റെ ആവശ്യം നിറവേറ്റാൻ ഇന്ന് എനിക്ക് ആകുന്നില്ല. കഴിക്കാൻ നിനക്കു തരാൻ ഒന്നുമില്ല.പക്ഷേ ഒന്ന് ഉണ്ട് സ്നേഹം അതുതമാത്രം.കഴിക്കാൻ ആയി നമുക്ക് യാചിക്കാം. പക്ഷേ കോട്ടും സ്യൂട്ടും ദരിച്ചവരോട് യാചിച്ചാലും ഒന്നും കിട്ടുകയില്ല. ഇവിടെ ഉള്ള ചെകുത്താന്മാർക്ക് വിശപ്പ് എന്തെന്നറിയില്ല. മോളേ നിന്നോട് ഞാൻ അവസാനമായിപറയുകയാണ് വിശപ്പ് എന്തെന്ന് ഒരു നാൾ എല്ലാവരും അറിയും. എന്റെ ഈ ശബ്ദം എപ്പോൾ വേണമെങ്കിലും നിലക്കാം. എപ്പോഴും ഈ വാക്കുകൾ

നിന്റെ മനസ്സിൽ ഈ വാക്കുകളുണ്ടാകണം. എന്ന് മുഴവിപ്പിക്കാനാകാതെ ആ ജീവൻ നിലച്ചു. അവളുടെ ജീവൻ പാതി നിലച്ചു.അവൾ ജനക്കൂട്ടത്തിലേക്ക് ഓടി അവൾ പറഞ്ഞു- “ചെന്നായ്ക്കളാകുന്ന മനുഷ്യന് വിശപ്പിന്റെ വില മനസ്സിലാകുന്നില്ലല്ലോ ദയാകരുണയിവയൊന്നും ഇല്ലാത്ത നിങ്ങൾ മനുഷ്യരാണോ ഇത് ആര് കേൾക്കാൻ". ഏതുനേരവും ഒരു കൊച്ചുപെട്ടിയിലേക്ക് ആകർഷിച്ചിരിക്കുകയല്ലേ.ലോകം ഇന്ന് തികച്ചും വ്യത്യസ്തം. ഈ രോധനം കേട്ട് ആരോ അവളുടെ അരികിൽ പ്രത്യക്ഷപ്പെട്ടു.അദ്ധേഹം അവളെ അനുഗ്രഹിച്ചു. അവൾ പോലും അറിയാതെ പെട്ടെന്ന് അവിടെ ഒരു വീട് കാണപ്പെട്ടു. സ്നേഹമറിയുന്ന കുറേ മനുഷ്യർ ജീവിക്കുന്നിടം അവൾ ജീവിച്ചു.

അഞ്ജന ഗിരീഷ് (8-B)

## അത്യാഗ്രഹം ആപത്ത്



ഒരു ഗ്രാമത്തിൽ ഒരു പാവം പാൽക്കാരൻ താമസിച്ചിരുന്നു.അയാൾ എന്നും ശുദ്ധമായ പാലായിരുന്നു ഗ്രാമവാസികൾക്ക് വിൽപന ചെയ്തിരുന്നത്. പാലിൽ മായം കലർത്താത്തതിനാൽ ഗ്രാമവാസികളിൽ പലരും രാമുവിന്റെ കയ്യിൽ നിന്നായിരുന്നു വാങ്ങിയിരുന്നത്. രാമു പാലിൽ മായമൊന്നും ചേർക്കാതെ വിറ്റിരുന്നതുകൊണ്ട് വളരെ തുച്ഛമായ തുക മാത്രമേ ലഭിച്ചിരുന്നുള്ളൂ. അതിനാൽ രാമുവിന്റെ ഭാര്യയും മക്കൾക്കും

അത് ഇഷ്ടമുള്ള കാര്യമായിരുന്നില്ല. പലപ്പോഴും അതിനാൽ ആ കുടുംബത്തിൽ രാമുവിന് സ്വസ്ഥത കിട്ടിയിരുന്നില്ല. പല മാസങ്ങൾ കടന്നുപോയി. ഒരു ദിവസം രാമു ചിന്തിച്ചു- "ഞാൻ പാലിൽ മായം ചേർക്കാതെ വിൽക്കുന്നതുകൊണ്ട് എനിക്ക് നഷ്ടമല്ലാതെ ലാഭം ഇതുവരെ കിട്ടിയിട്ടില്ല,അതിനാൽ ഇനി മുതൽ ഞാൻ പാലിൽ വെള്ളം ചേർത്തിട്ടേ വിൽക്കുകയുള്ളൂ". എന്ന് മനസ്സിൽ വിചാരിച്ചുകൊണ്ട് രാമു പതിവുപോലെ രാവിലെത്തന്നെ പാൽ കറന്നു. അതിലേക്ക് വെള്ളം കലർത്തി വിൽക്കാൻ തുടങ്ങി. രാമുവിന്റെ ഈ ചതി തിരിച്ചറിഞ്ഞ നാട്ടുകാർ പിന്നീട് മുതൽ രാമുവിന്റെ അടുത്തുനിന്ന് വാങ്ങാതെയായി.രാമുവിന് സങ്കടം സഹിക്കാനായില്ല.തന്റെ തെറ്റ് മനസ്സിലാക്കിയ രാമുവിന് മനസ്സിൽ സങ്കടം തോന്നി.തെറ്റുധാരണകൊണ്ടു തന്റെ ഭാര്യയെ കാര്യങ്ങൾ വിശദമാക്കി.പിന്നീട് ശാസിച്ചു.ഭാര്യ സ്വയം ഇതെല്ലാം സംഭവിച്ചെന്ന് ഓർത്തു. പിന്നീട് രാമു തന്റെ അത്യാഗ്രഹം എല്ലാം മാറ്റി ഗ്രാമവാസികൾക്ക് ശുദ്ധമായ പാൽ വിൽപന ചെയ്തു.

എം.എം.വന്ദന 8-F

# രാമുവിന്റെ കഴുത



- രാമു ഒരു കച്ചവടക്കാരനാണ്.അയാൾക്ക് സ്വന്തമായി ഒരു കഴുതയുണ്ട്. ചന്തയിലേക്ക് സാധനങ്ങൾ എത്തിക്കാൻ രാമു കഴുതയുടെ പുറത്ത് സാധനങ്ങൾ കയറ്റിയാണ് ചന്തയിൽ എത്തിച്ചിരുന്നത്. അങ്ങനെ ഒരു ദിവസം രാമു കഴുതയുടെ പുറത്ത് ഉപ്പുചാക്കാണ് ചന്തയിൽ കൊണ്ടുപോകാൻ കയറ്റിയത്. ഒരു പുഴ കടന്ന് വേണം ചന്തയിലേക്ക് പോകാൻ. അങ്ങനെ പുഴ കടക്കുമ്പോൾ കഴുത ഒന്ന് തെന്നി പുഴയിലേക്ക് വീണു.കഷ്ടിച്ചാണ് രാമു കഴുതയെ കയറ്റിയത്. ചരക്ക് കയറ്റിയപ്പോൾ ചാക്കിലുണ്ടായിരുന്ന ഉപ്പ് പകുതിയും വെള്ളത്തിൽ ലയിച്ചു പോയി. കഴുതക്ക് ഇതൊരു സുഖമായി തോന്നി. പിറ്റേദിവസവും കഴുത അതേ തൊഴിൽ ചെയ്തു. രാമുവിന് കഴുതയുടെ സൂത്രം മനസ്സിലായി. കഴുതയെ ഒരു പാഠം പഠിപ്പിക്കണമെന്ന് രാമു തീരുമാനിച്ചു. പിറ്റേ ദിവസം രാമു കഴുതയുടെ പുറത്ത്

പഞ്ഞിയാണ് കയറ്റിയത്. ഭാരമുണ്ടായിരുന്നില്ലെങ്കിലും കഴുത പുഴയുടെ അടുത്തെത്തിയപ്പോൾ വെള്ളത്തിലേക്ക് ചാടി. കഴുതയെ രാമു കരയിലേക്ക് വലിച്ചു കയറ്റി. പഞ്ഞിയിൽ വെള്ളം കയറിയതിനാൽ കഴുതയ്ക്ക് താങ്ങാൻ ആവുന്നതിലധികം ഭാരമുണ്ടായിരുന്നു. രാമു കഴുതയെ തല്ലി തല്ലി ചന്തയിലേക്ക് കൊണ്ടുപോയി.

മുഹമ്മദ് ഷാഹിദ് (9F)

# മദ്യവും പുകയിലയും



മദ്യം,പുകയില ഉത്പന്നങ്ങൾ എന്നിവ മയക്കുമരുന്നിന്റെ ഫലം തന്നെയാണ് ഉണ്ടാക്കുന്നത്. പുകയിൽ അടങ്ങിയിരിക്കുന്നത് ഏകദേശം നാനൂറിൽ പരം രാസപദാർത്ഥങ്ങളാണ്. നിരന്തരമായി പുക വലിക്കുമ്പോൾ വളരെ അധികം നിക്കോട്ടിൻ രക്തത്തിൽ ലയിച്ചുപെരുകുകയും ഹൃദയസ്പന്ദന വേഗതക്കൂട്ടുകയും ചെയ്യുന്നു. ക്രമേണ ഹൃദയാഘാതം,പക്ഷാഘാതം,ശ്വാസകോശാർബുദം,ആസ്മ തുടങ്ങിയവയ്ക്കുള്ള സാധ്യത കൂടുതലാണ്.

മദ്യപാനികളിൽ കണ്ടുവരുന്ന രോഗമാണ് സിറോസിസ്. ആല്കഹോളിന്റെ അമിതമായ ഉപയോഗം ഇവരുടെ കരളിനെ ബാധിക്കുകയും ക്രമേണ കരളിന്റെ പ്രവർത്തനം തകരാറിലാവുകയും ചെയ്യുന്നു. ഇതിനെ തുടർന്ന് സിറോസിസ്സിലേക്ക് നയിക്കുകയും ചെയ്യുന്നു. കൂടാതെ മാനസിക ശാരീരിക ആരോഗ്യം തകർക്കുകയും വ്യക്തിബന്ധങ്ങളിലും തൊഴിൽമേഖലയിലും കുഴപ്പങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്നു. മദ്യപാനം ദുശീലതേക്കാളുപരി ഒരു രോഗം തന്നെയാണ്.

അഭിഷേക് കെ.എസ് (9-A)

# മനസ്സ്



മനസ്സ് ഒരുവന്റെ നിലനിൽപ്പിന്റെ തന്നെ പ്രധാന ഘടകമാണ്. മനസ്സിന് ലഭിക്കുന്ന ഉചിതായ

ശ്രദ്ധയേയും പരിചരണത്തെയും ആശ്രയിച്ചാണ് ഒരുവന് അഭിവൃദ്ധി ഉണ്ടാകുന്നത്. ശരീരത്തിനേക്കാൾ സൂക്ഷ്മമാണ് പ്രാണൻ. അതിലും സൂക്ഷ്മം മനസ്സും.മനസ്സിൽ ഹൃദയത്തിൽ സ്ഥിതി ചെയ്യുന്നുവെന്ന് പറയപ്പെടുന്നു. വികാരങ്ങളെയും അനുഭൂതികളെയും നമ്മൾ ഹൃദയത്തോടാണ് ബന്ധപ്പെടുത്തുന്നത്. എങ്കിലും മനസ്സ് സ്ഥിതി ചെയ്യുന്ന സ്ഥാനം ചൂണ്ടി കാട്ടുവാൻ സാധ്യമല്ല.ഇതു അതിസൂക്ഷ്മമാണ്.

മനസ്സും പ്രാണനും പരസ്പര ബന്ധമുള്ളതാണ്. ഒരു പരിധി വരെ പ്രാണന്റെ ഗുണം മനസ്സിന്റെ ഗുണത്തെയും മനസ്സിന്റെ ഗുണം പ്രാണന്റെ ഗുണത്തെയും ആശ്രയിച്ചിരിക്കുന്നു. ഭൗതികശരീരവും മനസ്സും തമ്മിൽ ബന്ധമുണ്ട്. 'A SOUND BODY WILL HAVE A SOUND MIND' എന്നൊരു പഴഞ്ചൊല്ലുണ്ട്. ശരീരം മനസ്സിന്റെ തന്നെ രൂപഭേദമാണ്. ഒറ്റനോട്ടത്തിൽ തന്നെ ക്രൂരനായ മനുഷ്യന് തിരിച്ചറിയാൻ സാധിക്കും. സ്വർഗവും നരകവും മനസ്സിന്റെ സൃഷ്ടികളാണ്. ഉത്കൃഷ്ടമായ മനസ്സ് സ്വർഗാനുഭവം തരുന്നു.

ഈ ലോകം നന്നാക്കുന്നതിനു മുമ്പ് മനുഷ്യർ സ്വയം നന്നാവണം. സ്വയം നിയന്ത്രിക്കാൻ കഴിയുന്നവനെ മറ്റുള്ളവരെ നിയന്ത്രിക്കാനാവൂ. അതിനാൽ ഏതു മേഖലയിലാണെങ്കിലും നേതാവാകണമെങ്കിൽ സ്വന്തം മനസ്സിനെ നിയന്ത്രിക്കാനുള്ള കഴിവ് അത്യാവശ്യമാണ്.

മനസ്സ് ഉപയോഗിച്ച സന്ദേശങ്ങൾ അയയ്ക്കുന്ന രീതിയാണ് ടെലിപ്പതി. ശക്തമായി ഒരു മനസ്സിന് ലോകത്തിന്റെ ഏതു കോണിലുമുള്ള ഏതൊരുവനും സന്ദേശം അയയ്ക്കാൻ കഴിയും. ഈ സിദ്ധി കൈവശമുള്ളവർ വളരെ കുറവാണ്. മനസ്സിന് മേൽ നിയന്ത്രണമില്ലാതിരിക്കുന്നത് അപകടമാണ്.

ബുദ്ധി,മനസ്സിനെ നിയന്ത്രിക്കണം ബുദ്ധിയുടെ തീരുമാനങ്ങളെ മറികടക്കുവാൻ വികാരങ്ങളെ അനുവദിക്കരുത്. ബുദ്ധിയുടെ നിയന്ത്രണത്തിൽ മനസ്സ് ഉത്കൃഷ്ടമായിരിക്കും. എന്താണ് ചീത്ത സന്ദർഭങ്ങളോട് എങ്ങനെ പ്രതികരിക്കണമെന്നെല്ലാം ബുദ്ധി തീരുമാനിക്കട്ടെ.

**“മനസ്സിനെ നിയന്ത്രിക്കുന്നവന് തന്റെ അധികാരത്തിൽ ഈ പ്രകൃതി മുഴുവനും ഉണ്ട്. മനുഷ്യ മനസ്സിന്റെ ശക്തിക്ക് പരിധികളേയില്ല. ”**

# ജീവിതലക്ഷ്യം



ദൈവം നമുക്ക് അസംഖ്യാ ശക്തികൾ തന്നിട്ടുണ്ട്. പക്ഷേ,ഈ ശക്തികൾ വേണ്ടവിധത്തിൽ ഉപയോഗിക്കുന്നില്ല. മനുഷ്യരായി ജനിച്ച നാം സർവശക്തനായ ദൈവം കനിഞ്ഞുതന്നെ ശക്തികൾ ഉപയോഗിച്ച് മനുഷ്യരെ പോലെ ആവുകയാണ് വേണ്ടത്. ജീവനുള്ള കാലമത്രയും ലോകത്തെ ആസ്വദിച്ച് ജീവിക്കുക. ഈ ജന്മത്തിൽ തന്നെ മോക്ഷം എന്ന് പരമാനന്ദാനുഭവം നേടാൻ കഴിയും മരണത്തിനുശേഷം മാത്രമേ മോക്ഷം കിട്ടുകയുള്ളൂ എന്ന ചിന്തയുടെ കെണിയിൽ വീഴാതിരിക്കുക. അറിവ് വർദ്ധിക്കുമ്പോൾ ആഗ്രഹങ്ങളും വ്യത്യാസപ്പെടാം. വിദ്യാഭ്യാസത്തിന്റെ ഗുണത്തിനനുസരിച്ച് ആഗ്രഹങ്ങളുടെ ഗുണവും വ്യത്യാസപ്പെടാം എന്നാണ് ജീവിത വിജയം വിദ്യാഭ്യാസത്തിന്റെ സ്വാഭാവത്തിനെ ആശ്രയിച്ചിരിക്കുന്നു.

ഐശ്വര്യ.ടി.എസ്(10-F)

# ഒടിഞ്ഞചില്ലയും മനം മാറ്റവും



രവിയും ശാന്തിയും സഹോദരി സഹോദരന്മാരാണ്. ജന്മനാ തന്നെ രവി കുസൃതിയും ചുറുചുറുക്കുള്ളവനുമാണ്. അവൻ എപ്പോഴും ശാന്തി നട്ടുവളർത്തിയ ചെടികൾ പിഴുതെറിയും. അവന്റെ അമ്മ എത്ര ഉപദ്ദേശിച്ചിട്ടും അത് ഒന്നും തന്നെ അവൻ കാര്യമാക്കിയിരുന്നില്ല. അപ്പോൾ ശാന്തി അമ്മയോട് പറഞ്ഞു- “ഞാൻ നട്ടുവളർത്തിയ ചെടികൾ ചേട്ടൻ പിഴുതെറിഞ്ഞു.” അപ്പോൾ അമ്മ പറഞ്ഞു- “എന്തിനാടാ അവൾ നട്ട് വളർത്തിയ ചെടികൾ എന്തിനാണ് പിഴുതെറിഞ്ഞത്. നിന്നെ ശാസിക്കാൻ വയ്യാതായിരിക്കുകയാണ്. ഒരിക്കൽ പറഞ്ഞാൽ നിനക്ക് മനസിലാവുക ഇല്ല എന്നുണ്ടോ. പിന്നെ രവി പതിവ് പോലെ തന്റെ അയൽവക്കിലെ പറമ്പിൽ കയറി. ചുറ്റുപാടും നോക്കിയിട്ട് അവിടെ നിന്നിരുന്ന വേപിൻ മരത്തിൽ കയറി. അവിടെ കാറ്റിൽ ആടികൊണ്ടിരുന്ന ചെറിയ ചില്ല വടിച്ചൊടിച്ചു. അവനത് ശക്തമായി വലിച്ചപ്പോൾ സമനിലതെറ്റി രവിയും അതോടൊപ്പം താഴെവീണു.

